# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുനലൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM ML/103/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 18/03/2024
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പുനലൂർ മുനിസിപ്പാലിറ്റി

സർ,

**വിഷയം : പുനലൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുനലൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്, കൊല്ലം

നമ്പർ: KSA KLM ML/103/2024 തീയ്യതി: 18/03/2024

## കൊല്ലം ജില്ലയിലെ പുനലൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പുനലൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-09-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അമ്പിളി എം .ഡി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 09-01-2024 | 20-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-01-2024 | 20-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സജികുമാർ ജി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.ഐസക് ജോൺ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.അരുൺകുമാർ എ, അസി. ഓഡിറ്റ് ഓഫീസർ

ശ്രീ രാജൻ വി ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ജയകുമാരിഅമ്മ.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.റജിന.എ.എസ്, ഓഡിറ്റർ

ശ്രീമതി.ലക്ഷ്മി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നിമ്മി ഏബ്രഹാം | ചെയർപേഴ്സൺ | 01-04-2022 | 10-01-2023 |

| | | | |
|---|---|---|---|
| ശ്രീ. വി പി ഉണ്ണികൃഷ്ണൻ | ചെയർമാൻ | 10-01-2023 | 29-01-2023 |
| ശ്രീമതി സുജാത | ചെയർപേഴ്സൺ | 30-01-2023 | 31-03-2023 |
| ശ്രീ. നൌഷാദ്.എ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീദേവി.വി.എസ് | മുൻസിപ്പൽ എൻജിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.വി.കെ.ജയരാജ് | അസി. എഞ്ചിനീയർ, | 01-04-2022 | 31-03-2023 |
| ശ്രീ.പി.വി.സുദർശനൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ശ്രീനി.എം | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ.കുഞ്ഞുമോൻ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ഷാഹിർഷാ | സൂപ്രണ്ട്(താലൂക്ക് ആശുപത്രി,പുനലൂർ) | 01-04-2022 | 08-12-2022 |
| ഡോ.സുഭഗൻ | സൂപ്രണ്ട്(താലൂക്ക് ആശുപത്രി,പുനലൂർ) | 08-12-2022 | 19-02-2023 |
| ഡോ.ലജി ജോഷ്വ തരകൻ | സൂപ്രണ്ട്(താലൂക്ക് ആശുപത്രി,പുനലൂർ) | 20-02-2023 | 31-03-2023 |
| ഡോ.സന്തോഷ്.കെ.ആർ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.ബി.റ്റി.സുരേഷ് കുമാർ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2022 | 20-03-2023 |
| ശ്രീ. അരുൺ ബി. | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേ.II | 20-03-2023 | 31-03-2023 |
| ശ്രീമതി.സജിത | സി ഡി പി ഒ | 01-04-2022 | 12-12-2022 |
| ശ്രീമതി. അഞ്ജന എം എസ് | സി ഡി പി ഒ | 13-12-2022 | 31-03-2023 |
| ശ്രീമതി.നിത്യ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 13-12-2023 |
| ശ്രീമതി. തസ്ലീമ ബീഗം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 14-12-2022 | 03-02-2023 |
| ശ്രീ അസ്ലം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 04-02-2023 | 31-03-2023 |
| ഡോ.അനീഷ | മെഡിക്കൽ ഓഫീസർ (ഹോമിയോ ഡിസ്പൻസറി) | 01-04-2022 | 19-06-2022 |
| ഡോ സീത ഫിലിപ്പ് | മെഡിക്കൽ ഓഫീസർ (ഹോമിയോ ഡിസ്പൻസറി) | 20-06-2022 | 31-03-2023 |
| ഡോ.പ്രശാന്ത് ആർ എസ് | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 01-04-2022 | 31-07-2022 |
| ഡോ. മോനിഷ റഷീദ് എ | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 01-08-2022 | 16-01-2023 |
| ഡോ. ബിജി ഡാനിയൽ | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 17-01-2023 | 31-03-2023 |
| ഡോ.ബിനി ഏബ്രഹാം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |

**ഉള്ളടക്കം**

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല. | 1-1-1 |
| 3 | വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-2 |
| 4 | ബാങ്ക് റീക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. | 1-1-3 |
| 5 | നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-4 |
| 6 | നികുതി - നികുതിയേതര വരവുകളുടെ ഡി സി ബി തയ്യാറാക്കിയിട്ടില്ല. | 1-1-5 |
| 7 | വികസനഫണ്ട് - ജനറൽ, SCP, TSP, MG-Non-Road ഫണ്ടുകളുടെ ചെലവ് സുലേഖാ പത്രികയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - തുകയുടെ വിവരങ്ങൾ I-6 പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിച്ചിട്ടില്ല. | 1-1-8 |
| 10 | ബാങ്കിൽ നേരിട്ട് ക്രഡിറ്റ് വന്ന തുക വരവായി ഉൾപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-10 |
| 12 | ബാധ്യതാ തുകകളുടെ വിവരം ലഭ്യമല്ല. | 1-1-11 |
| 13 | അഡ്വാൻസ് തുകയുടെ വിവരം ലഭ്യമല്ല. | 1-1-12 |
| 14 | ഡെപ്പോസിറ്റ് തുകയുടെ വിവരം ലഭ്യമല്ല. | 1-1-13 |
| 15 | പ്രൊവിഷൻസായി ഉൾപ്പെടുത്തിയ തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. | 1-1-14 |
| 16 | നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല. | 1-1-15 |
| 17 | സ്റ്റോക്കിന്റെ മൂല്യം പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-1-16 |
| 18 | വരവിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. | 1-1-17 |
| 19 | CFC - Tied & Untied ഫണ്ടുകളുടെ മുന്നിരിപ്പ്, നീക്കിയിരുപ്പ് വാർഷിക ധനകാര്യപത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-18 |
| 20 | ഗുണഭോക്തൃവിഹിതം - ചെലവ് വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-19 |
| 21 | കേന്ദ്രവിഷ്കൃത പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ എന്നിവയുടെ വരവ്-ചെലവ് വിശദാംശങ്ങൾ ലഭ്യമല്ല. | 1-1-20 |
| 22 | Prior Period Items ലഡ്ജർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-1-21 |
| 23 | വിവിധ ലോണുകളുടെ കണക്കുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. | 1-1-22 |
| 24 | ബജറ്റ് | 1-2 |
| 25 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 26 | ഫണ്ട് വിനിയോഗം | 1-4 |
| 27 | പദ്ധതി അവലോകനം | 1-5 |
| 28 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 29 | ക്ഷേമ പദ്ധതികൾ | 1-7 |
| 30 | ക്യാഷ് പരിശോധന | 1-8 |
| 31 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 32 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 33 | ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. | 1-11 |
| 34 | വാടക കുടിശിക ഈടാക്കിയിട്ടില്ല. | 1-12 |
| 35 | വിനോദനികുതി - കുറഞ്ഞ നിരക്കിൽ ഈടാക്കി. | 1-13 |
| 36 | വസ്തുനികുതി പൂർണ്ണമായും നിർണ്ണയിച്ചിട്ടില്ല. | 1-14 |
| 37 | റൂഫ് ഫ്ലോറിന് നികുതി നിർണയിച്ചിട്ടില്ല. | 1-15 |
| 38 | തനത് വരുമാനം - അവലോകനം | 1-16 |
| 39 | പി.എം.എ.വൈ ഭവനപദ്ധതി തൽസ്ഥിതിവിവരം | 1-17 |

| | | |
|---|---|---|
| 40 | ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ - അധിക ചെലവ് അംഗീകരിക്കുന്നില്ല. | 1-18 |
| 41 | ശുചിത്വമിഷന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-19 |
| 42 | പഠനമുറി നിർമ്മാണം പൂർത്തിയാക്കിയില്ല. 6,25,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 43 | മരുന്നുകളും ഉപകരണങ്ങളും പൂർണമായും ലഭ്യമായില്ല. | 1-21 |
| 44 | മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പദ്ധതികൾ - രേഖകൾ ഹാജരാക്കിയില്ല. 12,85,643/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 45 | വീട് വാസയോഗ്യമാക്കൽ - മെയിന്റനൻസ് പ്രവൃത്തകൾ പൂർത്തീകരിച്ചില്ല - 11,25,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 46 | ഹരിതകർമസേന - പ്രവർത്തനാവലോകന റിപ്പോർട്ട് | 1-24 |
| 47 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-25 |
| 48 | ഭരണഘടനാ സാക്ഷരതാ - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചു. | 1-26 |
| 49 | കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-27 |
| 50 | കേരള വാട്ടർ അതോറിറ്റിയിൽ കടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-28 |
| 51 | മുൻകൂർ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. | 1-29 |
| 52 | പട്ടികജാതി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് - രേഖകൾ ഹാജരാക്കിയില്ല. 14,25,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-30 |
| 53 | ഇൻഷ്വറൻസ് കവറേജ് ഇല്ലാത്ത പ്രവൃത്തികൾക്ക് ഫൈൻ ഈടാക്കിയില്ല. | 1-31 |
| 54 | ബിൽ തുക തെറ്റായി കണക്കാക്കി - അധികം പിൻവലിച്ച 44,368/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-32 |
| 55 | ഇ-ടെണ്ടർ ഫാറവില മുനിസിപ്പൽ ഫണ്ടിൽ ഒടുക്കാൻ നടപടി സ്വീകരിക്കണം. | 1-33 |
| 56 | ചെമ്മണ്ണൂരിൽ ഠൗൺ ഹാളും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മാണം - പദ്ധതി സ്തംഭനാവസ്ഥയിൽ. | 1-34 |
| 57 | പൊതു ടാപ്പുകളുടെ വെള്ളക്കരം, കൌൺസിൽ തീരുമാനം നടപ്പിലാക്കിയിട്ടില്ല. | 1-35 |
| 58 | വക്കീൽ ഫീസ് അനുവദിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-36 |
| 59 | ലോൺ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-37 |
| 60 | സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് പെൻഷൻ അംശദാനം ഒടുക്കുന്നില്ല. | 1-38 |
| 61 | 'സ്പർശം - ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനത്തിനായി മരുന്ന് വാങ്ങൽ' - ഉദ്ദേശ്യത്തിന് വിരുദ്ധമായി പദ്ധതി നിർവഹണം നടത്തി. | 1-39 |
| 62 | തുണിസഞ്ചി വാങ്ങി വിതരണം നടത്തൽ - സ്റ്റോക്ക്, വിതരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. 7,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-40 |
| 63 | കോവിഡ് പ്രതിരോധം - ചെലവ് രേഖകൾ ഹാജരാക്കിയില്ല - 5,79,395/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-41 |
| 64 | ഏഴുനില ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം - പൂർത്തീകരണം വൈകുന്നു. തടസ്സപ്പെടുത്തുന്ന ചെലവ് 1,17,35,018/-രൂപ. | 1-42 |
| 65 | നഗരസഭയ്ക്ക് ലഭിക്കേണ്ട തുകകൾ അക്കൌണ്ട് ചെയ്യുന്നതിൽ കൃത്യതയില്ല. | 1-43 |
| 66 | നിക്ഷേപം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല | 1-44 |
| 67 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയുടെ കണക്കുകൾ കൃത്യമല്ല. | 1-45 |
| | ഭാഗം **2** | |
| 1 | റൂഫ് ഫ്ലോറിന് നികുതി നിർണയിച്ചിട്ടില്ല. | 2-1 |
| | ഭാഗം **3** | |
| 1 | ബിൽ തുക തെറ്റായി കണക്കാക്കി. അധികം പിൻവലിച്ച ചെലവ് നിരാകരിക്കുന്നു. | 3-1 |
| 2 | ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ - അധിക ചെലവ് അംഗീകരിക്കുന്നില്ല. | 3-2 |
| 3 | ഭരണഘടനാ സാക്ഷരതാ - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചു. | 3-3 |
| 4 | മുൻകൂർ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. | 3-4 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |
| 4 | അനുബന്ധം 4 | |
| 5 | അനുബന്ധം - 5 | |
| 6 | അനുബന്ധം - 6 | |

## ഭാഗം –1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പുനലൂർ മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31.7.23 തീയതിയിലെ 18-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 31.7.23 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പുനലൂർ മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

#### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല.

സെക്രട്ടറിയുടെ കുറിപ്പുകൾ

#### 1-1-2 വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

#### 1-1-3 ബാങ്ക് റീക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

RP-40 (A)(b) പ്രകാരമുള്ള വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ പത്രിക ഹാജരാക്കിയില്ല. (അക്കൗണ്ട് നം.5995, Indian Bank – Buds School, PMAY-Canara-6546, 1053818, 8752, 2217, 4548, 30896 എന്നീ ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ പത്രിക ഹാജരാക്കിയിട്ടുണ്ട്.) ഖണ്ഡിക 1-43 കാണുക.

### 1-1-4 നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

തൻവർഷം KWA-യിൽ നിക്ഷേപിച്ച വിനിയോഗിക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരം വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ഖണ്ഡിക 4-3 കാണുക.

### 1-1-5 നികുതി – നികുതിയേതര വരവുകളുടെ ഡി സി ബി തയ്യാറാക്കിയിട്ടില്ല.

നികുതി-നികുതിയേതര വരവുകളുടെ ഡി സി ബി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

### 1-1-6 വികസനഫണ്ട് – ജനറൽ, SCP, TSP, MG-Non-Road ഫണ്ടുകളുടെ ചെലവ് സുലേഖാ പത്രികയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ACR പ്രകാരം (സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെ) | സുലേഖ പ്രകാരം |
|---|---|---|
| വികസനഫണ്ട്-ജനറൽ | 4,07,67,284/- | 4,03,21,249/- |
| വികസനഫണ്ട്-SCP | 1,95,19,058/- | 1,14,19,058/- |
| വികസനഫണ്ട്-TSP | 5,13,655/- | 5,13,655/- |
| മെയി.ഗ്രാന്റ് - നോൺ റോഡ് | 1,94,05,064/- | 1,94,05,064/- |

### 1-1-7 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി – തുകയുടെ വിവരങ്ങൾ I-6 പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുകയുടെ വിവരങ്ങൾ I-6 ൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-8 Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിച്ചിട്ടില്ല.

വിവിധ ബാങ്ക് അക്കൌണ്ടുകളിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. (ഖണ്ഡിക 1-43 കാണുക)

### 1-1-9 ബാങ്കിൽ നേരിട്ട് ക്രഡിറ്റ് വന്ന തുക വരവായി ഉൾപ്പെടുത്തിയിട്ടില്ല.

ബാങ്കിൽ നേരിട്ട് ക്രഡിറ്റ് വന്ന തുക രസീത് നൽകി കണക്കിലെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| അക്കൌണ്ട് നം | തുക ₹ |
|---|---|
| Canara Bank – 5995 | 49,05,711/- |
| LGTSB – 669 | 1,66,490/- |
| PMAY Canara – 6546 | 11,01,208/- |
| Canara Special Fund – 1053818 | 1,20,10,736/- |
| CFC – HDFC - 2217 | 2,63,28,811/- |
| SIB – Prof. Tax – 4548 | 24,49,145/- |

### 1-1-10 പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

വിവിധ അക്കൌണ്ടുകളിൽ ഉൾപ്പെട്ട ഇഷ്യൂ ചെയ്ത് മൂന്ന് മാസത്തിലധികമായ ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

### 1-1-11 ബാധ്യതാ തുകകളുടെ വിവരം ലഭ്യമല്ല.

B-4, B-9, B-5 ഷെഡ്യൂളുകളിൽ ഉൾപ്പെട്ട ചുവടെപ്പറയുന്ന ബാധ്യതാ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

| ശീർഷകം | തുക ₹ |
|---|---|

| | |
|---|---|
| 320100100 | 1,41,75,421/- |
| 320200205 | 70,27,553/- |
| 320200209 | 26,62,000/- |
| 320801000 | 85,89,789/- |
| 320809900 | 4,50,000/- |
| 350309900 | 45,46,048/- |
| 330500202 | 13,48,31,664/- |

**1-1-12 അഡ്വാൻസ് തുകയുടെ വിവരം ലഭ്യമല്ല.**

ബി-18 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

**1-1-13 ഡെപ്പോസിറ്റ് തുകയുടെ വിവരം ലഭ്യമല്ല.**

B-19 ഷെഡ്യൂളിൽ 470100100 ശീർഷകത്തിൽ ഉൾപ്പെട്ട 66,98,187/-രൂപയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

**1-1-14 പ്രൊവിഷൻസായി ഉൾപ്പെടുത്തിയ തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.**

ബി-21 ഷെഡ്യൂളിൽ നെഗറ്റീവ് സംഖ്യകൾ പ്രൊവിഷൻസായി ഉൾപ്പെടുത്തിയ തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

**1-1-15 നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല.**

B-12 ഷെഡ്യൂളിൽ നിക്ഷേപമായി ഉൾപ്പെട്ട 6,27,500/-രൂപയുടെ നിക്ഷേപ സർട്ടിഫിക്കറ്റ്, രജിസ്റ്റർ എന്നിവ ലഭ്യമല്ല. (ഖണ്ഡിക 1-44 കാണുക)

**1-1-16 സ്റ്റോക്കിന്റെ മൂല്യം പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.**

B-14 പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള 36,200/-രൂപയുടെ കൃത്യത പരിശോധിക്കുന്നതിന് സ്റ്റോക്ക് രജിസ്റ്റർ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

**1-1-17 വരവിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.**

ചുവടെപ്പറയുന്ന ശീർഷകത്തിൽ ഉൾപ്പെട്ട വരവിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
RP-4- Road Cutting Charge - ₹ 18,36,422/-
RP-24- Other Grants And Contributions For Specific Purposes – ₹ 45,000/-

**1-1-18 CFC - Tied & Untied ഫണ്ടുകളുടെ മുന്നിരിപ്പ്, നീക്കിയിരുപ്പ് വാർഷിക ധനകാര്യപത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.**

CFC - Tied & Untied ഫണ്ടുകളുടെ മുന്നിരിപ്പ്, നീക്കിയിരുപ്പ് വാർഷിക ധനകാര്യപത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. (ഖണ്ഡിക 1-45 കാണുക)

**1-1-19 ഗുണഭോക്തൃവിഹിതം - ചെലവ് വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

ഗുണഭോക്തൃവിഹിതം – ചെലവ് വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.
വാർഷിക ധനകാര്യപത്രിക പ്രകാരം – ₹ 3,16,298/-
സുലേഖ പത്രിക പ്രകാരം – ₹ 2,25,000/-

**1-1-20 കേന്ദ്രവിഷ്കൃത പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ എന്നിവയുടെ വരവ്-ചെലവ് വിശദാംശങ്ങൾ ലഭ്യമല്ല.**

കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ എന്നിവയുടെ ഇനം തിരിച്ചുള്ള വരവ് – ചെലവ് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**1-1-21 Prior Period Items ലഡ്ജർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.**

R P-19 ഉൾപ്പെട്ട തുകയുടെ (1,06,53,885/-) കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ലഡ്ജർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**1-1-22 വിവിധ ലോണുകളുടെ കണക്കുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.**

ലോൺ തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ഖണ്ഡിക 1-37 കാണുക.

**1-2 ബജറ്റ്**

24.03.22 ലെ 1-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ചു.

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | ₹ 5,73,02,235.64/- |
| വരവ് | ₹ 22,82,94,468/- |
| ആകെ | ₹ 28,55,96,703.64/- |
| ചെലവ് | ₹ 20,72,82,705/- |
| നീക്കിയിരിപ്പ് | ₹ 7,83,13,998.64/- |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ 1,869/- |
| ചെലവിനങ്ങളിലുള്ള നഷ്ടം / നിരാകരിക്കുന്ന തുക | ₹ 5,35,980/- |
| തടസ്സപ്പെടുത്തിയ തുക | ₹ 3,54,04,121/- |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 4,10,49,697/- | 4,10,49,697/- | 4,03,21,249/- | 28,448/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2,37,59,841/- | 2,37,59,841/- | 1,14,19,058/- | 1,23,40,783/- |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 12,27,462/- | 12,27,462/- | 5,13,655/- | 7,13,807/- |
| മെയിന്റനൻസ്, റോഡ് | 0 | 4,19,09,000/- | 4,19,09,000/- | 99,49,663/- | 3,19,59,337/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 2,55,14,000/- | 2,55,14,000/- | 1,94,05,064/- | 61,08,936/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Bank) | * | 1,51,92,500/- | - | 2,16,32,307/- | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Bank) | * | 1,01,28,500/- | - | 1,47,94,117/- | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Treasury | - | 80,43,748/- | 80,43,748/- | 29,28,416/- | 51,15,332/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Treasury) | - | 56,43,896/- | 56,43,896/- | 46,19,121/- | 10,24,775/- |

* സി.എഫ്.സി ഗ്രാന്റ് തുകയുടെ മുന്നിരിപ്പ് - നീക്കിയിരിപ്പ് കണക്കുകൾ കൃത്യമല്ല. ആയത് സംബന്ധിച്ച അപാകത ഖണ്ഡിക 1-45 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ എന്നിവയുടെ വരവു ചെലവുകൾ AFS, രജിസ്റ്ററുകൾ എന്നിവയുമായി പരിശോധിച്ച് ഉറപ്പാക്കാനുള്ള യാതൊരു രേഖകളും ലഭ്യമാക്കിയിട്ടില്ല.

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 365 | 37,13,39,778/- | 200 | 12,72,72,727/- | - | 165 | 54.79% |

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,25,139/- | 12,931/- | 3,38,050/- | 3,30,543/- | 7,527/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 44,73,398/- | 44,73,398/- | 44,73,398/- | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 54,01,000/- |
| വിധവാപെൻഷൻ | 3,04,49,000/- |
| വാർദ്ധക്യകാലപെൻഷൻ | 5,49,46,800/- |
| വികലാംഗപെൻഷൻ | 71,06,200/- |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 6,97,400/- |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 1,50,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.01.2024 12.15 Pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10,560/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

* മുനിസിപ്പൽ ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുന്നില്ല. സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കാത്തതിനാലും, ബിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്നതിനാലും ചെലവു കണക്കുകളുടെ കൃത്യത പൂർണ്ണമായും ഉറപ്പുവരുത്താൻ കഴിയാത്ത സ്ഥിതി നിലനിൽക്കുന്നു. കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസം പരിശോധിച്ച് അംഗീകരിക്കുന്നതായി രേഖയില്ല. കണക്കുകൾ അതാത് മാസം പരിശോധിച്ച് അംഗീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശ്രദ്ധിക്കേണ്ടതാണ്. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും സ്റ്റേറ്റ്മെന്റ്, റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ മാസാവസാനം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. വാർഷിക കണക്കുകളിൽ അപാകതകൾ ഉള്ളതായി ഓഡിറ്റിൽ വ്യക്തമായി.
റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ ചട്ടപ്രകാരം കാലികമാക്കി സൂക്ഷിക്കുന്നില്ല.

** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ മിക്ക

ഫയലുകളിലും വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയിട്ടുള്ളതായി രേഖയില്ല. മരാമത്ത് പ്രവൃത്തികളുടെ മിക്ക ഫയലുകളിലും സാങ്കേതികാനുമതി പത്രം, എസ്റ്റിമേറ്റ് എന്നിവ സൂക്ഷിക്കുന്നില്ല. ഫയലുകൾ പൂർണ്ണമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും, നഗരസഭയുടെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും ഭേദപ്പെട്ട രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി നഗരസഭയിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

*** മുനിസിപ്പാലിറ്റിയുടെ നിയന്ത്രണത്തിലുള്ള പുനലൂർ ബാലൻ മെമ്മോറിയൽ ലൈബ്രറിയുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്. പുസ്തകശേഖരത്തിന്റെ കൃത്യത ഉറപ്പുവരുത്തും വിധം വാർഷിക സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തേണ്ടതാണ്. പുസ്തകങ്ങളുടെ സ്റ്റോക്ക് എൻട്രി, വിതരണം, തിരിച്ചെടുക്കൽ, വരിസംഖ്യ ശേഖരിക്കൽ തുടങ്ങിയുള്ള എല്ലാ പ്രവർത്തനങ്ങളും നിലവിൽ മാനുവൽ രൂപത്തിലാണ് നടക്കുന്നത്. കാലോചിതമായ ആധുനിക ഡിജിറ്റൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് ലൈബ്രറിയുടെ സുതാര്യവും സുഗമവുമായ പ്രവർത്തനങ്ങൾക്ക് ഗുണകരമാകും.

**** തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യത ഉറപ്പുവരുത്തും വിധം വാർഡ്തലത്തിൽ ആധികാരികമാക്കിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ വിനിയോഗത്തിലെ സുതാര്യത നിലനിർത്തുന്നതിനായി യഥാസമയം ആവശ്യകത നിർണ്ണയിച്ചുകൊണ്ട് മാത്രം ഉപകരണങ്ങൾ വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കണം.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 1/7/19 – 3/7/19 | 2013-14 മുതൽ 2018-19 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4/3/21 - 31/3/21 | 19-20 മുതൽ 20-21 വരെ | 16/8/21 |

**1-11 ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.**

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1 - ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾ

| **ക്രമ നം.** | **സ്ഥാപനം** | **അർദ്ധ വർഷം** |
|---|---|---|
| 1. | തായ് ലക്ഷ്മി തിയേറ്റർ (വാർഡ് XIII) | I, II |
| 2. | അപ്പാവു സുന്ദരം ആൻഡ് സൺസ് (വാർഡ് XIII) | I, II |
| 3. | ടി.വി.ടി.എം. ഇംഗ്ലീഷ് മീഡിയം സ്കൂൾ (വാർഡ് XIV) | I, II |
| 4. | കേരള ലാറ്റക്സ് ലിമിറ്റഡ് (വാർഡ് XIV) | I, II |
| 5. | കൃഷി ഭവൻ (വാർഡ് XVII) | II |
| 6. | എസ്.സി. ഡവലപ്മെന്റ് നഴ്സറി സ്കൂൾ (വാർഡ് XX1) | I, II |
| 7. | റൂറൽ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (വാർഡ് XXVIII) | I, II |
| 8. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. ട്രാൻസ്മിഷൻ സബ് ഡിവിഷൻ (വാർഡ് XXIX) | I, II |
| 9. | അസിസ്റ്റന്റ് എഞ്ചിനീയർ, 110 K V സബ് സ്റ്റേഷൻ (വാർഡ് XXIX) | I, II |

| | | |
|---|---|---|
| 10 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. ട്രാൻസ്മിഷൻ ഡിവിഷൻ (വാർഡ് XXIX) | I, II |
| 11. | വാസന്തി ടയർ വർക്സ് (വാർഡ് XXIX) | I, II |
| 12. | കോട്ടയ്ക്കൽ ആര്യവൈദ്യശാല (വാർഡ് XXIX) | I, II |
| 13. | വൈറ്റ് പേൾ (വാർഡ് XXIX) | I, II |
| 14. | ഇൻഡസ് ഇൻഡ് ബാങ്ക് (വാർഡ് XXXI) | II |
| 15. | പത്തനാപുരം ബ്ലോക്ക് ഹൗസിംഗ് കോപ്പറേറ്റീവ് സൊസൈറ്റി (വാർഡ് XXXIII) | I, II |
| 16. | ജോസ് രാജ് & കമ്പനി (വാർഡ് XXXIII) | I, II |
| 17. | രാംരാജ് തിയേറ്റർ | I, II |
| 18. | വിജയ് കൃഷ്ണ ബാങ്ക് | I, II |
| 19. | മുത്തൂറ്റ് മിനി ഫിനാൻസ് (വാർഡ് XXXIII) | I, II |
| 20. | ഇടിമണ്ണിക്കൽ ജ്വല്ലറി (വാർഡ് XXXIII) | I, II |
| 21. | ധന്യാ സൂപ്പർ മാർക്കറ്റ് (വാർഡ് XXXIII) | I, II |
| 22. | വെറ്ററിനറി സർജൻ, വെറ്ററിനറി പോളി ക്ലിനിക്ക് (വാർഡ് XXXIII) | II |
| 23. | മുത്തൂറ്റ് മിനി ഫിനാൻസ് (വാർഡ് XXXIII) | I, II |
| 24. | സെന്റ് തോമസ് ഹോസ്പിറ്റൽ (വാർഡ് XXXIII) | I, II |
| 25. | എസ് സി എസ് ടി കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I, II |
| 26. | ജോസഫ് സെബാസ്റ്റ്യൻ കമ്പനി (വാർഡ് XXXIII) | I, II |
| 27. | പ്രീമെട്രിക് ഹോസ്റ്റൽ (വാർഡ് XXXIV) | I, II |
| 28. | ഫാത്തിമാ പബ്ലിക് സ്കൂൾ (വാർഡ് XXXIV) | I, II |

**2 – സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾ**

| **ക്രമ നം.** | **സ്ഥാപനം** | **അർദ്ധ വർഷം** |
|---|---|---|
| 1 | രാംരാജ് തിയേറ്റർ | I, II |
| 2 | തായ് ലക്ഷ്മി തിയേറ്റർ | I, II |
| 3 | റൂറൽ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | I, II |
| 4 | വാസന്തി ടയർ വർക്സ് | I, II |
| 5 | വൈറ്റ് പേൾ | I, II |
| 6 | ഇൻഡസ് ഇൻഡ് ബാങ്ക് | I, II |
| 7 | വിജയ് കൃഷ്ണ ബാങ്ക് | I, II |
| 8 | സെന്റ് തോമസ് ഹോസ്പിറ്റൽ | I, II |

ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നതിലുണ്ടായ മേൽ അപാകതകൾക്കും തൊഴിൽനികുതി ഡിമാൻഡ് ചെയ്യുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്ക് വരുത്താത്ത സ്ഥാപന ഉടമകൾക്ക് നോട്ടീസ് കൊടുത്തു വരുന്നുവെന്നും സ്ഥാപന തൊഴിൽ നികുതി കുടിശിക വരുത്തിയവർക്ക് അതത് വാർഡുകളിൽ നികുതി പിരിവിന് പോകുന്ന ഉദ്യോഗസ്ഥർ മുഖേന ഡിമാന്റ് നോട്ടീസ് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 2022-23 ലെ കുടിശിക നികുതി 2023-24 ൽ അടച്ചിട്ടുള്ളതിനാലാണ് 2022-23 ലെ ഡിമാന്റ് രജിസ്റ്ററിൽ പോസ്റ്റിംഗ് വന്നിട്ടില്ലാത്തതെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. കുടിശിക വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആയത് ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി നം. 12/17.01.2024**

**1-12 വാടക കുടിശിക ഈടാക്കിയിട്ടില്ല.**

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കടമുറികളുടെ തൻവർഷത്തെ വാടക കുടിശിക ഇനത്തിൽ 46,53,829/-രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. കുടിശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പല കടമുറികളുടെയും വാടക ദീർഘകാലമായി കുടിശികയായി നിലനിൽക്കുകയാണ്. കൂടാതെ എല്ലാ വാടകക്കാരുമായി നിയമാനുസൃതമായ കരാർ നഗരസഭ വയ്ക്കുകയോ, വാടക രജിസ്റ്ററിൽ ഡിമാൻഡ്, കളക്ഷൻ, ബാലൻസ് തുകകൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്യുന്നില്ല. വാടക കുടിശിക ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ച് നഗരസഭയ്ക്ക് കിട്ടാനുള്ള കുടിശിക തുകകൾ പിഴ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വാടക കുടിശിക കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2022-23 വർഷം കുടിശിക വരുത്തിയവരുടെ വിശദാംശം അനുബന്ധം 4 ആയി ചേർക്കുന്നു.

**ഓഡിറ്റ് എൻക്വയറി നം. 22/19.01.2024**

**1-13 വിനോദനികുതി - കുറഞ്ഞ നിരക്കിൽ ഈടാക്കി.**

സർക്കാർ ഉത്തരവ് നം.(കൈ) നം.112/2019/ത.സ്വ.ഭ.വ. തീയതി 31.08.2019 പ്രകാരം സിനിമാ തിയേറ്ററുകളിലെ നൂറു രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് അഞ്ചു ശതമാനം നിരക്കിലും നൂറുരൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനവും വിനോദനികുതി 01.09.2019 മുതൽ ഈടാക്കുന്നതിന് നിർദ്ദേശമുണ്ട്. ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിനനുസൃതമായി പിരിച്ചെടുത്ത നികുതി തൊട്ടടുത്ത മാസം മൂന്നാം തീയതിക്കുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിക്കുന്നു. നഗരസഭയിൽ പ്രവർത്തിക്കുന്ന രാംരാജ് തീയറ്റർ (Screen 1 & 2) നൂറുരൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനം തുക നഗരസഭയിൽ ഒടുക്കേണ്ടതായുണ്ട്. എന്നാൽ 5 ശതമാനം തുക മാത്രമാണ് വിനോദനികുതി ഇനത്തിൽ നഗരസഭയിൽ ഒടുക്കുവരുത്തുന്നത്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനോദ നികുതി കുടിശിക ഈടാക്കാനുള്ള സിനിമാ തിയേറ്ററുകളിൽ നിന്നും (കാർണിവൽ 5/22-3/23, രാംരാജ് 01/23-03-23) ആയത് പിഴ സഹിതം ഈടാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 23/19.01.2024**

**1-14 വസ്തുനികുതി പൂർണ്ണമായും നിർണ്ണയിച്ചിട്ടില്ല.**

“ ശ്രീ അബുഹസ്സൻ, അൽഹിദായത്ത് ” എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് XXXIII/185/1 മുതൽ XXXIII/185/23 (BF1-875.23 ചതുരശ്ര മീ., BF2-875.23 ചതുരശ്ര മീ., GF-958 ചതുരശ്ര മീ., FF-922.90 ചതുരശ്ര മീ., SF-920.76 ചതുരശ്ര മീ., TF-900.31 (Total 5452.23 ചതുരശ്ര മീ.)) വരെ നമ്പർ അനുവദിച്ചു നൽകിയിട്ടുണ്ട്. ഒരു ചതുരശ്ര മീറ്ററിന് 100/-, 80/-രൂപ നിരക്കിൽ വസ്തുനികുതി ചുമത്തിയിട്ടുള്ളതാണ്. എന്നാൽ മുൻസിപ്പൽ എൻജിനീയർ സാക്ഷ്യപ്പെടുത്തിയ കംപ്ലീഷൻ പ്ലാൻ പ്രകാരം സ്റ്റെയർ റൂമിന്റെ തറവിസ്തീർണ്ണം ഉൾപ്പെടുത്തിയിട്ടില്ല. കെട്ടിടത്തിന്റെ തറവിസ്തീർണ്ണം, കെട്ടിടത്തിന്റെ പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുള്ള ഭാഗങ്ങളുടെ തറവിസ്തീർണ്ണം എന്നിവ കൂടി കണക്കാക്കി വസ്തുനികുതി നിർണയിക്കേണ്ടതാണ്. കെട്ടിടം സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ എഞ്ചിനിയറിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകിയതിന് ഉടമസ്ഥന് നോട്ടീസ് നല്കി സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. സ്ഥലപരിശോധന നടത്തി, കെട്ടിടം പൂർണ്ണമായും അളന്ന് തിട്ടപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതും ആയതിന് അനുസൃതമായി നികുതി പുനർനിർണ്ണയിക്കേണ്ടതും കുടിശിക ഉൾപ്പെടെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി നം. 14/18.01.2024**

**1-15 റൂഫ് ഫ്ലോറിന് നികുതി നിർണയിച്ചിട്ടില്ല.**

ശ്രീമതി മിനിമോൾ സജി എന്ന വ്യക്തിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വാണിജ്യ കെട്ടിടത്തിന് XIII/ 59(2), XIII/59(3), XIII/59(4), XIII/59(5), XIII/59(6) എന്നീ നമ്പറുകൾ അനുവദിച്ച് നൽകി. മുൻസിപ്പൽ എൻജിനീയർ സാക്ഷ്യപ്പെടുത്തിയ കംപ്ലീഷൻ പ്ലാൻ പ്രകാരം 991.44 ചതുരശ്ര മീറ്റർ (GF – 53.33 $M^2$, FF – 318 $M^2$, SF – 327.32 $M^2$, RF – 18.80 $M^2$) വിസ്തീർണ്ണമാണ് കെട്ടിടത്തിന് ഉള്ളത്. ആയതിൽ 972.65 ചതുരശ്ര മീറ്ററിന് മാത്രമേ നികുതി നിർണയിച്ചിട്ടുള്ളു. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള 18.8 ചതുരശ്ര മീറ്റർ റൂഫ് ഫ്ലോറിന് നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടിസ്ഥാന വസ്തുനികുതി<br>വസ്തുനികുതി Rs.80/$M^2$ | 18.8 *80 = 1,504/- |
| വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20% | 301/- |
| | 1504 + 301 = 1,805/- |
| രണ്ടാംനില 10% ഇളവ് | 181/- |
| 1805-181 = 1,624/- | |
| 5% LC | 82/- |
| 10% Service Tax | 163/- |
| **ആകെ** | **₹ 1,869/-** |

മേൽ കെട്ടിടത്തിന്റെ നികുതി നിർണയത്തിൽ ഉണ്ടായ വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വസ്തു നികുതി നിർണ്ണയിച്ചതിലെ പിഴവ് മൂലം ഉണ്ടായ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും പിഴപലിശ സഹിതം ഈടാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 14/18.01.2024**

**1-16 തനത് വരുമാനം - അവലോകനം**

1) വസ്തുനികുതി പരിഷ്കരണം – 2023-24

സ.ഉ(കൈ)നം. 77/2023/തസ്വഭവ തീയതി 22.03.2023 ലെ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെ വസ്തുനികുതി 01.04.2023 മുതൽ പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

അതുപോലെ തന്നെ 2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം നഗരസഭ പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി നഗരസഭ വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 19.05.2023-ലെ 3- ാം നമ്പർ തീരുമാനം ശുപാർശ 25.5.2023 ലെ ഭരണസമിതിയുടെ V(5)-ാം നം. തീരുമാനം അംഗീകരിച്ച് അന്തിമ നിരക്കുകൾ പ്രസിദ്ധീകരിച്ച് നടപ്പിൽ വരുത്തിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.

നഗരസഭയുടെ വികസനസ്ഥിതി മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖലാ വിഭജനം നടത്തുന്നതിന് മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2023-24 ലെ വസ്തു നികുതി പരിഷ്കരണം നടപ്പിലാക്കുമ്പോൾ മേഖലാ

നിർണ്ണയം, റോഡിന്റെ തരം എന്നിവ കൃത്യമായി രേഖപ്പെടുത്താതെ വസ്തുനികുതി ഇളവ് നൽകിയിട്ടുണ്ടെങ്കിൽ ആയത് ക്രമപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

ലൈസൻസ്

നഗരസഭപരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ്, രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 447, 448, 449 പ്രകാരം ലൈസൻസ് കൂടാതെ പ്രത്യേക പട്ടികയിൽ പറയുന്ന ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാനോ, കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കാനോ പാടില്ല.

3) തൊഴിൽ നികുതി

നഗരസഭ പരിധിയിൽ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ക്ഷീര സഹകരണ സംഘങ്ങൾ, ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ,സ്വകാര്യ വാഹന ഉടമകൾ, റേഷൻ കടയുടമകൾ എന്നീ സ്ഥാപനങ്ങൾ/വ്യക്തികളുടെ ലിസ്റ്റ് സൂക്ഷിക്കുകയോ തൊഴിൽ നികുതി/ സ്ഥാപനതൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കുകയോ ചെയ്തിട്ടില്ല. തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡേറ്റാബേസ് സൂക്ഷിക്കേണ്ടതും അവരിൽ നിന്നും കൃത്യമായി തൊഴിൽനികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4) വിനോദ നികുതി

നഗരസഭാ പരിധിയിലുള്ള തീയറ്ററുകളുടെ വിനോദ നികുതി കുടിശിക ഈടാക്കാനുണ്ട്. കൂടാതെ വിനോദ നികുതി കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു. (വിശദാംശങ്ങൾ ഖണ്ഡിക 1-14 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.)

വിനോദ നികുതി കുടിശിക പിഴസഹിതം ഈടാക്കേണ്ടതും കൃത്യമായ നിരക്കിൽ പിരിച്ചെടുത്ത് നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

5) വാടക

നഗരസഭയുടെ അധീനതയിലുള്ള പല കടമുറികളുടെയും വാടക ദീർഘകാലമായി കുടിശികയായി നിലനിൽക്കുകയാണ്. എല്ലാ വാടകക്കാരുമായും നിയമാനുസൃത കരാറിൽ ഏർപ്പെട്ടിട്ടില്ല. ദീർഘകാലമായി കുടിശിക വരുത്തുന്നവർക്ക് തുക ഒടുക്കാതെ വീണ്ടും കടമുറികൾ വാടകയ്ക്ക് നൽകുവാൻ പാടില്ല. കടമുറികളുടെ വാടക കുടിശിക കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനും കൃത്യമായി വാടക നൽകാത്തവരെ ഒഴിവാക്കി കടമുറികൾ പുനർലേലം ചെയ്യുന്നതിലേയ്ക്കും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**ഓഡിറ്റ് എൻക്വയറി നം – 13/18.01.2024**

## 1–17 പി.എം.എ.വൈ ഭവനപദ്ധതി തൽസ്ഥിതിവിവരം

പി.എം.എ.വൈ ഭവനപദ്ധതി പ്രകാരം വിവിധ തവണകളിലായി 2017-18 സാമ്പത്തിക വർഷം മുതൽ തുക കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ ഗുണഭോക്താക്കൾ | 1161 |
| പൂർത്തീകരിച്ചവർ | 980 |
| പൂർത്തീകരിക്കാത്തവർ | 181<br>ജനറൽ – 123;<br>എസ് സി – 57;<br>എസ് ടി -1 |
| ഒന്നാം ഗഡു കൈപ്പറ്റിയശേഷം പണി പൂർത്തീകരിക്കാത്തവർ | 63 |
| രണ്ടാം ഗഡു കൈപ്പറ്റിയശേഷം പണി പൂർത്തീകരിക്കാത്തവർ | 42 |
| മൂന്നാം ഗഡു കൈപ്പറ്റിയശേഷം പണി പൂർത്തീകരിക്കാത്തവർ | 76 |

ഒരു വീട് നിർമ്മിക്കുന്നതിനുള്ള ആകെ സബ്സിഡി തുക – ₹4,00,000/-

(1-ാം ഗഡു – 40,000/-രൂപ, 2, 3 ഗഡുക്കൾ – 1,60,000/-രൂപ വീതം, 4-ാം ഗഡു – 40,000/-രൂപ.)

പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിപ്പിച്ച് പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കുന്നതിനുള്ള സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.

PMAY ഭവനപദ്ധതിയുടെ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. ഓരോ ഗുണഭോക്താവിനും നല്കിയ തുക, ഫണ്ടിനം, തൽസ്ഥിതി എന്നിവ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1–18 ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ – അധിക ചെലവ്

**അംഗീകരിക്കുന്നില്ല.**

പ്രോജക്റ്റ് നമ്പർ - 179/ 23

" ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ "

അടങ്കൽ - ₹3,00,000/-

ആകെ ചെലവ് -₹2,06,960/-

ഫണ്ടിനം - ധനകാര്യ കമ്മീഷൻ അവാർഡ്

പി എഫ് എം എസ് നമ്പർ – C0 3 2 3 6 3 6 1 0 00 2 / 25 -3 -23.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി)

നഗരസഭയിലെ ശുചീകരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ശുചീകരണ വസ്തുക്കൾ, സാധനസാമഗ്രികൾ എന്നിവ വാങ്ങുന്നതിനായി 2,06,960/-രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രസ്താവിത പദ്ധതിക്കായി ടെൻഡർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് തുക കോട്ട് ചെയ്ത കെയ്കോ ബിസിനസ് കോർപ്പറേഷനുമായി (Tender No 1159/14.12.2022, തുക 1,49,208/-രൂപ) നെഗോസിയേഷൻ നടത്തിയതിൻ പ്രകാരം കുറവ് വരുത്തിയ തുകയായ 1,48,208/- രൂപ അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകുന്നതിന് 20.1.23 തീയതിയിലെ 15 (3) കമ്മിറ്റി തീരുമാനപ്രകാരം അംഗീകാരം നൽകി.

03.01.2023 തീയതിയിൽ 6539 നമ്പരായി ഹെൽത്ത് ഓഫീസറും "കെയ്കോ ബിസിനസ് കോർപ്പറേഷനു"മായി കരാറിൽ ഏർപ്പെടുകയും, 09.02.2023 തീയതിയിലെ നമ്പർ P1-16305/22 നമ്പർ കത്ത് പ്രകാരം ടെൻഡറിൽ പറഞ്ഞ സാധനങ്ങൾ സപ്ലൈ ചെയ്യാനായി സപ്ലൈ ഓർഡർ നൽകുകയും ചെയ്തു.

| ടെണ്ടർ സ്പെസിഫിക്കേഷൻ | കെയ്കോ ബിസിനസ് കോർപ്പറേഷൻ സമർപ്പിച്ച ടെണ്ടർ | സപ്ലൈ ഓർഡർ എന്നിവ പ്രകാരം ആവശ്യപ്പെട്ട സാധനങ്ങൾ | ടാക്സ് ഇൻവോയ്സ് T-160/08.03.2023 പ്രകാരം സപ്ലൈ ചെയ്ത സാധനങ്ങൾ |
|---|---|---|---|
| 1. Rain Coat (Fabric Coated Fab + Lining – Branded)<br>XXL – 12 Nos<br>XL – 39 Nos<br>Large – 06 Nos | 1. Rain Coat As Per Specification – 1 Unit @ 1600/- | 1. Rain Coat (Fabric Coated Fab + Lining – Branded)<br>XXL – 12 Nos<br>XL – 39 Nos<br>Large – 06 Nos | 1. Rain Coat (Fabric Coated Fab + Lining – Branded)<br>XXL, XL, Large – 57 Nos |
| 2. Gum Boot (ISI Branded)<br>9" - 14 Pair<br>8" - 16 Pair<br>7" - 6 Pair<br>11" - 6 Pair | 2. Gum Boot (ISI Branded) - @ 499/- | 2. Gum Boot (ISI Branded)<br>9" - 14 Pair<br>8" - 16 Pair<br>7" - 6 Pair<br>11" - 6 Pair | 2. Gum Boot (ISI Branded)<br>9", 8", 7", 10" - 42 Nos |
| 3. Reflective Coat XL For Night Work (High Quality PVC Rexin With Reflector) – 63 Nos | 3. Reflective Coat As Per Specification – @ 300/- | 3. Reflective Coat XL For Night Work (High Quality PVC Rexin With Reflector) – 63 Nos | 3. Reflective Coat XL For Night Work (High Quality PVC Rexin With Reflector) – 63 Nos |
| 4. Rubber Gloves 12" - 500 Pair<br>(Industrial Rubber Glove With Antiskid Grain) | 4. Rubber Gloves As Per Specification – @ 90/- | 4. Rubber Gloves 12" - 500 Pair<br>(Industrial Rubber Glove With Antiskid Grain) | 4. Rubber Gloves 12" - 500 Pair<br>(Industrial Rubber Glove With Antiskid Grain) |
| 5. Disposable Gloves Surgical - 10000 Nos | 5. Disposable Gloves Surgical - @ 3/- | 5. Disposable Gloves Surgical - 10000 Nos | 5. Disposable Gloves Surgical - 10000 Nos |

| | | | |
|---|---|---|---|
| 6. Chappal For Ladies 7" - 6 Pair | 6. Chappal For Ladies - @ 150/- | 6. Chappal For Ladies 7" - 6 Pair | 6. Chappal For Ladies 7" - 6 Pair |

1159/14.12.2022 നമ്പർ ടെണ്ടർ പ്രകാരം കെയ്ക്കോ ബിസിനസ് കോർപ്പറേഷൻ സമർപ്പിച്ച ടെണ്ടറിൽ നെഗോസിയേഷൻ നടത്തി 1,48,208/-രൂപയായി നിജപ്പെടുത്തുകയും പ്രസ്തുത ടെണ്ടർ 20.01.2023 ലെ 15(03) തീരുമാനപ്രകാരം കമ്മിറ്റി അംഗീകരിക്കുകയും ചെയ്ത സാഹചര്യത്തിലാണ് ടെണ്ടറിൽ പറഞ്ഞിട്ടുള്ള അതേ സാധനങ്ങൾ അതേ സ്പെസിഫിക്കേഷനിൽ അതേ അളവിൽ സപ്ലൈ ചെയ്യാൻ വർക്ക് ഓർഡർ നൽകിയത്. ( ബന്ധപ്പെട്ട രേഖകൾ അനുബന്ധം 5 ആയി ചേർത്തിട്ടുണ്ട്)

എന്നാൽ മേൽ പരാമർശിത സാഹചര്യങ്ങൾ പരിഗണിക്കാതെ കെയ്ക്കോ ബിസിനസ് കോർപ്പറേഷൻ സമർപ്പിച്ച ഉയർന്ന തുകയ്ക്കുള്ള ടാക്സ് ഇൻവോയ്സ് പ്രകാരം മുഴുവൻ തുകയും മാറി നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. നെഗോസിയേഷൻ നടത്തി ഉറപ്പിച്ച തുകയായ 1,48,208/-രൂപയ്ക്ക് പകരം 2,06,960/-രൂപ സപ്ലൈയർക്ക് നൽകിയതിനാൽ അധികമായി 58,752/-രൂപ ചെലവായിട്ടുണ്ട്. അധികം തുക ചെലവഴിച്ച സാഹചര്യം വിശദീകരിക്കുന്നതിനും ടാക്സ് ഇൻവോയ്സ് T-160, 8-3-23 പ്രകാരം ലഭ്യമാക്കിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയ വിവരങ്ങൾ അറിയിക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ നെഗോസിയേഷൻ നടത്തി ഉറപ്പിച്ച തുകയിൽ അധികമായ 58,752/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

സുരക്ഷാ ഉപകരണങ്ങളുടെ സ്റ്റോക്ക്, വിതരണം എന്നിവ പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ 1,48,208/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

**നിരാകരിക്കുന്ന തുക – 58,752/-രൂപ.**

**തടസ്സപ്പെടുത്തുന്ന തുക – 1,48,208/-രൂപ.**

**ഓഡിറ്റ് എൻക്വയറി നം – 8/17-1-24.**

**1-19 ശുചിത്വമിഷന് വിഹിതം നൽകൽ – വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.**

പ്രോജക്ട് നമ്പർ - 427/ 23

" അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക്ലേവ് സംഘാടനത്തിന് വേണ്ടി ശുചിത്വമിഷന് വിഹിതം നൽകൽ "

ആകെ അടങ്കൽ – ₹ 1,00,000/-

ആകെ ചെലവ് - ₹ 1,00,000/-

ഫണ്ടിനം - ധനകാര്യ കമ്മീഷൻ അവാർഡ്

പി എഫ് എം എസ് നമ്പർ/തീയതി – C 032327350321/16-3-23

നിർവഹണം - ഹെൽത്ത് ഓഫീസർ

അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക്ലേവ് സംഘാടനത്തിന് വേണ്ടി ശുചിത്വമിഷന്റെ 30520816966 എന്ന അക്കൗണ്ടിലേക്ക് 1,00,000/-രൂപ നഗരസഭാ വിഹിതമായി നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 1,00,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

**തടസ്സപ്പെടുത്തുന്ന തുക – 1,00,000/-രൂപ**

**ഓഡിറ്റ് എൻക്വയറി നം/തീയതി – 10/17-1-24**

**1-20 പഠനമുറി നിർമ്മാണം പൂർത്തിയാക്കിയില്ല. 6,25,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

പദ്ധതി നം - 275/23 (സ്പിൽ ഓവർ)

പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി.
നിർവഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഓഫീസർ
അടങ്കൽ – ₹ 20,00,000/-

ചെലവ് – ₹ 6,25,000/-രൂപ (വികസനഫണ്ട് – എസ്.സി.പി)

ഹെൽത്ത് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ "പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി" എന്ന പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ഒന്നും രണ്ടും ഗഡു തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയതായി രേഖയില്ല. പഠനമുറി നിർമ്മാണത്തിനായി ഒരു ഗുണഭോക്താവിന് ആകെ രണ്ട് ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

| ക്രമ നം | ഗുണഭോക്താവ് (ശ്രീ/ശ്രീമതി) | ആകെ കൈപ്പറ്റിയ തുക (രൂപ) | ബിൽ നം/തീയതി |
|---|---|---|---|
| 1 | ദിന രാമചന്ദ്രൻ | തുക – 50,000/-<br>തുക – 75,000/- | 49/16-2-23<br>59/17-3-23 |
| 2 | കുഞ്ഞുബാവ.റ്റി | തുക – 50,000/-<br>തുക – 75,000/- | 52/20-2-23<br>69/27-3-23 |
| 3 | ലക്ഷ്മി.പി | തുക – 50,000/-<br>തുക – 75,000/- | 56/13-2-23<br>69/27-3-23 |
| 4 | ചിത്രകല | തുക – 50,000/- | 59/17-3-23 |
| 5 | രജനി | തുക – 50,000/- | 65/27-3-23 |
| 6 | സുനിൽകുമാർ | തുക – 50,000/- | 69/27-3-23 |
| 7 | സിന്ധു | തുക – 50,000/- | 69/27-3-23 |
| 8 | അംബിക.ആർ | തുക – 50,000/- | 69/31-3-23 |

മേൽ പ്രസ്താവിത ഗുണഭോക്താക്കളുടെ പൂർണ്ണമായ അപേക്ഷ, എഗ്രിമെന്റ് എന്നിവ ഹാജരാക്കുന്നതിനും പഠനമുറി നിർമ്മാണത്തിന്റെ പൂർത്തീകരണ വിവരങ്ങൾ ഹാജരാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പഠനമുറി നിർമ്മാണം പൂർത്തീകരിയ്ക്കാത്ത ഗുണഭോക്താക്കൾക്ക് നൽകിയ 6,25,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച്, പൂർത്തീകരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**തടസ്സപ്പെടുത്തുന്ന തുക – 6,25,000/-രൂപ**

**ഓഡിറ്റ് എൻക്വയറി നം – 7/17-1-24**

**1-21 മരുന്നുകളും ഉപകരണങ്ങളും പൂർണമായും ലഭ്യമായില്ല.**

പുനലൂർ താലൂക്ക് ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് തുക മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മുഴുവൻ തുകയ്ക്കും മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേരും നമ്പരും | മുൻകൂർ നൽകിയ തുക (₹)/ സ്ഥാപനം | ബിൽ നം./ തീയതി | ലഭിച്ച മരുന്നുകളുടെ വില (₹) | ലഭിക്കാനുള്ള മരുന്നിന്റെ വില (₹) |
|---|---|---|---|---|
| 24/23,<br>താലൂക്ക് ആശുപത്രിയിലെ വൃദ്ധരായ രോഗികൾക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ | 2,63,000/-<br>PRF 2527/ 24-11-22<br>സ്ഥാപനം – K M S C L | 28/ 31-12-22 | 1,58,023/- | 1,04,977/- |
| 7/23, സഞ്ജീവനി സൌജന്യ ഡയാലിസിസ് പരിപാടി | 2,99,999/-<br>PRF-2165/ | 32/ 3-12-22 | 1,08,205/- | 1,91,794/- |

| | | | | |
|---|---|---|---|---|
| | തീയതി 10-11-22 സ്ഥാപനം - K M S C L | | | |
| | | | **ആകെ** | **2,96,771/-** |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 2,96,771/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകാതിരിക്കുന്നത് ആശുപത്രി സേവനങ്ങളെയും പെയിൻ & പാലിയേറ്റീവ് പ്രവർത്തനങ്ങളെയും ബാധിക്കുന്നുണ്ടോ എന്ന് മോണിറ്ററിംഗ് സമിതി യഥാസമയം പരിശോധിക്കേണ്ടതും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി മോണിറ്ററിംഗ് റിപ്പോർട്ടിൻമേൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

**തടസ്സപ്പെടുത്തുന്ന തുക – 2,96,771/-രൂപ**

**ഓഡിറ്റ്എൻക്വയറി നം – 19/18-1-24**

**1-22 മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പദ്ധതികൾ – രേഖകൾ ഹാജരാക്കിയില്ല. 12,85,643/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

പദ്ധതി നം - 24/23

താലൂക്ക് ആശുപത്രിയിലേക്ക് വൃദ്ധരായ രോഗികൾക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ

നിർവഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

അടങ്കൽ - 12,86,000/-രൂപ (മെയിന്റനൻസ് ഫണ്ട് - നോൺ റോഡ്)

ചെലവ് – 12,85,643/-രൂപ

ബിൽ നം - 1/10-5-22

മെഡിക്കൽ ഓഫീസർ, നിർവഹണ ഉദ്യോഗസ്ഥനായ മേൽ പ്രസ്താവിത പദ്ധതി പ്രകാരം മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി 12,85,643/-രൂപ താഴെപറയുന്ന സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

| സ്ഥാപനം | നൽകിയ തുക ₹ |
|---|---|
| Ms Labx | 4,99,999/- |
| Trichur Surgicals | 2,70,000/- |
| Lab Line Instruments - | 38,940/- |
| Adella Optec | 24,642/- |
| Roots Multi Clean Limited | 4,52,062/- |

മേൽ ഉപകരണങ്ങളുടെ വാങ്ങൽ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല. ഇവയുടെ ടാക്സ് ഇൻവോയ്സുകൾ മാത്രമാണ് ഹാജരാക്കിയത്. ആയതിനാൽ ക്വട്ടേഷൻ/ടെണ്ടർ, റേറ്റ് കോൺട്രാക്ട്/റീഏജന്റ് റെന്റ് കോൺട്രാക്ട്, ഫയലുകൾ, അനുബന്ധരേഖകൾ, സ്റ്റോക്ക് രജിസ്റ്റർ ഇവ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 12,85,643/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കേണ്ടതാണ്.

**തടസ്സപ്പെടുത്തുന്ന തുക - 12,85,643/-രൂപ**

**ഓഡിറ്റ് എൻക്വയറി നം – 19/18-1-24**

**1-23 വീട് വാസയോഗ്യമാക്കൽ – മെയിന്റനൻസ് പ്രവൃത്തകൾ പൂർത്തീകരിച്ചില്ല – 11,25,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

ഹെൽത്ത് ഓഫീസർ നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം ഒന്നാം ഗഡു തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | ഗുണഭോക്താവ് (ശ്രീ/ശ്രീമതി) | ഒന്നാം ഗഡു തുക (രൂപ) | ബിൽ നം., തീയതി |
|---|---|---|---|
| 126/23 (സ്പിൽ ഓവർ)<br>വീട് - വാസയോഗ്യമാക്കൽ – പട്ടിക ജാതി<br>ആകെ അടങ്കൽ - 9,78,531/-<br>ആകെ ചെലവ്- 9,00,000/-<br>ഫണ്ടിനം - വികസന ഫണ്ട് - എസ്.സി.പി<br>( സബ്സിഡി വിഹിതം ഒരു ഗുണഭോക്താവിന് 1,50,000/- രൂപ ) | ശ്യാമള .കെ,<br>പട്ടു കുന്നിൽ വീട്,<br>വാളക്കോട് | 75,000/- | Utr No-Rbi012251386443/7.1.21 |
| 274/23<br>വീട് - വാസയോഗ്യമാക്കൽ – പട്ടിക ജാതി<br>ആകെ അടങ്കൽ- 25,00,000/-<br>ആകെ ചെലവ് - 15,75,000/-<br>ഫണ്ടിനം - വികസന ഫണ്ട് - എസ്.സി.പി<br>( സബ്സിഡി വിഹിതം ഒരു ഗുണഭോക്താവിന് 1,50,000/- രൂപ ) | ലീല, സുനില ഭവൻ,<br>പരവട്ടം, മണിയാർ | 75,000/- | 54/24.2.23 |
| | ലീല ചരുവിള, പുത്തൻവീട്, താഴെപാലോട്, കലയനാട്, പുനലൂർ | 75,000/- | 54/24.2.23 |
| | സുദർശനൻ, മീരാ ഭവനം, പുനലൂർ | 75,000/- | 57/1.3.23 |
| | അജിതകുമാരി,<br>ചന്ദ്ര വിലാസം,<br>വിളക്കുെട്ടം | 75,000/- | 63/22.3.23 |
| | ലളിതമ്മ, ഹരിതാഭവൻ | 75,000/- | 63/22.3.23 |
| | സരസ്വതി,<br>അക്കൗണ്ട് നം-<br>67163983699 | 75,000/- | 64/22.3.23 |
| | ലളിതാ ലോഹിദാസ്<br>അക്കൗണ്ട് നം-<br>67099818978 | 75,000/- | 64/22.3.23 |
| | ബിന്ദു.ഐ,<br>മരുതുമൺ വീട് | 75,000/- | 69/24.3.23 |
| | ബാവ, തെങ്ങും തറയിൽ<br>ചെമ്മന്തൂർ | 75,000/- | 69/24.3.23 |
| | പ്രഭ കെ ഉത്തമൻ | 75,000/- | 69/24.3.23 |
| | അനിത,<br>അക്കൗണ്ട് നം- | 75,000/- | 71/26.3.23 |

| | | | |
|---|---|---|---|
| | 39720100002431 | | |
| | കുഞ്ഞുമോൾ, ചരുവിളവീട്, കലയനാട് | 75,000/- | 62/16.3.23 |
| | വത്സല, സുഭാഷ് മന്ദിരം, കലയനാട് | 75,000/- | 62/16.3.23 |
| | പ്രകാശൻ.എം, അക്കൗണ്ട് നം- 10280100484605 | 75,000/- | 62/16.3.23 |

മേൽ പ്രസ്താവിത ഗുണഭോക്താക്കളുടെ പൂർണ്ണമായ അപേക്ഷ, എഗ്രിമെന്റ്, അനുബന്ധവിവരങ്ങൾ എന്നിവ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 11,25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

**തടസ്സപ്പെടുത്തുന്ന തുക – 11,25,000/-രൂപ**

**ഓഡിറ്റ് എൻക്വയറി നമ്പർ – 9/17-1-24**

## 1-24 ഹരിതകർമസേന – പ്രവർത്തനാവലോകന റിപ്പോർട്ട്

മുനിസിപ്പാലിറ്റിയിൽ നിലവിൽ 116 ഹരിതകർമ്മ സേനാംഗങ്ങൾ ഒരു കൺസോഷ്യമായി പ്രവർത്തിച്ചു വരുന്നു. പ്രതിമാസം എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും സന്ദർശനം നടത്തി പ്രവർത്തന കലണ്ടർ പ്രകാരമുള്ള മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് കരാർ വച്ചിട്ടുള്ള "ഗ്രീൻടെക്, കൊല്ലം" എന്ന ഏജൻസിക്ക് കൈമാറുന്നു. യൂസർഫീ ഇനത്തിലും പ്ലാസ്റ്റിക്ക് തരംതിരിച്ച് കൈമാറുന്നതിനും ലഭ്യമാകുന്ന തുക നിക്ഷേപിക്കുന്നതിന് കൺസോഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചു. പ്രതിമാസം അക്കൗണ്ടിലൂടെ മാത്രം തുക വിനിയോഗം ചെയ്തു വരുന്നു. പ്രതിമാസം ഹരിത കർമ്മസേനാംഗങ്ങൾക്ക് 7,000/- രൂപ ശരാശരി വേതനം നൽകി വരുന്നു.

ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെടെ വാങ്ങി നൽകി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് ആപ്പ് നടപ്പിലാക്കുന്നതിന് എല്ലാ ഭവനങ്ങളിലും ക്യൂ ആർ കോഡ് പതിച്ച് യൂസർ ഫീ കളക്ട് ചെയ്യുന്നു. (ഹരിതകർമസേനയുടെ പ്രവർത്തനാവലോകന റിപ്പോർട്ട് - അനുബന്ധം – 6 )

**ഓഡിറ്റ് അന്വേഷണം നം – 1/11-01-2024**

| **ഹരിതകർമ്മസേന വരവ് – ചെലവ് റിപ്പോർട്ട്** | | |
|---|---|---|
| **2022-2023** | | |
| മാസം | യൂസർ ഫീ വരവ് (രൂപ) | ഗ്രീൻ ടെക് മുഖേനയുള്ള വരവ് (രൂപ) |
| ഏപ്രിൽ | 3,46,105/- | 57,404/- |
| മെയ് | 3,61,930/- | 31,881/- |
| ജൂൺ | 3,53,205/- | 1,13,465/- |
| ജൂലൈ | 2,17,535/- | 67,646/- |
| ആഗസ്റ്റ് | 4,68,145/- | - |
| സെപ്റ്റംബർ | 3,25,105/- | 41,216/- |
| ഒക്ടോബർ | 3,82,220/- | 93,777/- |
| നവംബർ | 4,81,475/- | - |
| ഡിസംബർ | 3,83,225/- | 1,34,132/- |
| ജനവരി | 3,23,450/- | 71,782/- |
| ഫെബ്രുവരി | 4,73,720/- | - |
| മാർച്ച് | 3,77,440/- | 50,684/- |
| **ആകെ** | **44,93,555/-** | **6,61,987/-** |

****** നിർദ്ദേശങ്ങൾ ******

1. ഹരിതകർമസേന കലണ്ടർ പ്രകാരം കൃത്യമായി മാലിന്യങ്ങൾ നീക്കം ചെയ്യപ്പെടുന്നുണ്ടെന്നും യഥാസമയം ഏജൻസികൾക്ക് കൈമാറുന്നുവെന്നും ഉറപ്പാക്കേണ്ടതാണ്.

2. ഹരിതകർമസേന മാർഗരേഖ (12-08-2020 ലെ തസ്വഭവ സ.ഉ (സാധാ) നം 1496/2020) ഖ 13 വിഭാവനം ചെയ്യുംവിധമുള്ള ഹരിതസേനാംഗങ്ങളുടെ സംരംഭക സാധ്യതകൾ പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതിനായുള്ള പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

3. മാലിന്യങ്ങൾ പൊതുനിരത്തുകളിൽ വലിച്ചെറിയപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനായുള്ള ക്രമീകരണങ്ങൾ പരിശോധനയ്ക്ക് ഏർപ്പെടുത്തേണ്ടതാണ്.

4. MLP, LEGACY മാലിന്യങ്ങൾ എല്ലാ മാസവും നീക്കം ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

5. വാർഡ് തലത്തിൽ പരാതിപരിഹാരസെൽ രൂപീകരിക്കാവുന്നതാണ്.

6. 12-08-2020 ലെ തസ്വഭവ സ.ഉ (സാധാ) നം 1496/2020 ഖ 19 പ്രകാരമുള്ള കോർപ്പസ് ഫണ്ട് നാളിതുവരെ രൂപീകരിച്ചിട്ടില്ല. ഹരിതകർമസേന മാർഗരേഖ വിഭാവനം ചെയ്യുംവിധം അടിയന്തിരമായി കോർപ്പസ് ഫണ്ട് രൂപീകരിക്കേണ്ടത് അനിവാര്യമാണ്.

7. യൂസർ ഫീ കൃത്യമായി ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായുള്ള ഭരണതല നടപടികൾ സ്വീകരിക്കാവുന്നതാണ്.

**1-25 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.**

പ്രോജക്ട് - വയോമിത്രം സാമൂഹ്യ സുരക്ഷാമിഷൻ നഗരസഭാ വിഹിതം നല്കൽ (നം. 19/23)

അടങ്കൽ തുക – 10,00,000/-രൂപ (വികസന ഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

വയോമിത്രം സാമൂഹ്യ സുരക്ഷാമിഷൻ നഗരസഭാ വിഹിതം നല്കൽ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി ബിൽ നം 114 തീ 15-03-2023 പ്രകാരം 10,00,000/-രൂപ പിൻവലിച്ച് സാമൂഹ്യ സുരക്ഷാ മിഷനിൽ ഒടുക്കുവരുത്തി. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 10,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**തടസ്സപെടുത്തിയ തുക - 10,00,000/-രൂപ**

**ഓഡിറ്റ് അന്വേഷണം നം – 27/20.01.24**

**1-26 ഭരണഘടനാ സാക്ഷരതാ – സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചു.**

പ്രോജക്ട് നം – 261/23

പ്രോജക്ടിന്റെ പേര് - ദ സിറ്റിസൺ 2022 - ഭരണഘടനാ സാക്ഷരത

അടങ്കൽ തുക – 7,50,000/-രൂപ

ഫണ്ടിനം – വികസനഫണ്ട്

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

കൊല്ലം ജില്ലയിൽ 10 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാവർക്കും ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളെക്കുറിച്ച് അവബോധം നല്കുന്നതിനു വേണ്ടി ദി സിറ്റിസൺ 2022 എന്ന പേരിൽ കൊല്ലം ജില്ലാ പഞ്ചായത്തും, ജില്ലാ ആസൂത്രണ സമിതിയും കിലയും സംയുക്തമായി പദ്ധതി നടപ്പിലാക്കി. ഇതിന്റെ ഭാഗമായി മുനിസിപ്പാലിറ്റിയും വികസനഫണ്ടിൽ നിന്ന് 7,50,000/-രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി. പദ്ധതി അടങ്കലിൽ അധികമായി തനത് ഫണ്ടിൽ നിന്ന് 24,860/-രൂപയും ചെലവഴിച്ചിരുന്നു. 20.08.22 ലെ സ.ഉ (സാ.ധാ) നം 2025/2022/ത.സ്വ.ഭ.വ പ്രകാരം പദ്ധതി നിർവ്വഹണത്തിനായി വികസനഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ പരമാവധി ചെലവഴിക്കാവുന്ന തുക 5,00,000/-രൂപയാണ്. സർക്കാർ നിർദ്ദേശം ലംഘിച്ചാണ് തുക അധികമായി ചെലവഴിച്ചിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് ഹാളിൽ 15.09.22 ൽ നടന്ന ആസൂത്രണ സമിതിയുടെ സ്പെഷ്യൽ യോഗതീരുമാന പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 20.08.22 ലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള നിരക്കിൽ തുക വകയിരുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോട് കൂടി പ്രോജക്ടുകൾ നടപ്പിലാക്കാവുന്നതാണെന്നും പ്രസ്തുത നിരക്കിനേക്കാൾ അധികമായി തുക എന്തെങ്കിലും

ഘടകങ്ങൾക്ക് വേണ്ടി വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ആയതിനുള്ള വിശദീകരണം സഹിതം പുതുക്കിയ പ്രോജക്ട് ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങി നടപ്പിലാക്കാവുന്നതാണെന്നും തീരുമാനിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഭരണഘടനാ സാക്ഷരതാ പ്രോജക്ടുകൾക്ക് തുക വകയിരുത്തുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് നിലവിൽ വരുന്നതിന് മുമ്പ് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയ പ്രോജക്ടുകൾ 5.09.22 ലെ പ്രത്യേക ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ സാധൂകരിച്ചിട്ടുള്ളതും, പ്രസ്തുത പ്രോജക്ടുകൾ 17.09.22 ലെ കൊല്ലം ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി & ജില്ലാ കളക്ടറുടെ നടപടിക്രമം നം. 07/2021 സി.പി.ഒ കൊല്ലം പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി നടപ്പിലാക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം സാധൂകരണ നടപടികൾ ലഭ്യമാക്കാതെ മുൻസിപ്പാലിറ്റി ഭരണസമിതിയുടെ 13.10.22 ലെ കമ്മിറ്റി തീരുമാനം II (8) പ്രകാരം സർക്കാർ ഉത്തരവ് വിധേയമായി നടത്തിയ 2,50,000/-രൂപയുടെ ചെലവിന് സർക്കാരിന്റെ അനുമതിയ്ക്കായി കത്ത് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ നിന്ന് ജില്ലാ ആസൂത്രണ സമിതിയുടെ സാധൂകരണം ലഭ്യമാക്കാതെയാണ് പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാകുന്നു.

17.09.22 ലെ ജില്ലാ ആസൂത്രണ സമിതിയുടെ മെമ്പർ സെക്രട്ടറി & ജില്ലാ കളക്ടറുടെ നടപടിക്രമം പ്രകാരം പദ്ധതിയുടെ വിവിധ ഇനങ്ങൾക്കായി ചെലവഴിക്കാവുന്ന പരമാവധി തുകയുടെ വിശദാംശവും, ചെലവഴിച്ച തുകയുടെ വിശദാംശവും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം/സർക്കാർ ഉത്തരവ് പ്രകാരം ചെലവഴിക്കാവുന്ന തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ബിൽ നം/ തീയതി | അധികമായി അനുവദിച്ച തുക (രൂപ) |
|---|---|---|---|---|---|
| 1 | ഉദ്ഘാടനവുമായി ബന്ധപ്പെട്ട വിവിധ ചെലവുകൾ | 40,000/- | 27,435/- (തനത് ഫണ്ട്) | ചെക്ക് നം 513930. 02-09-2022 | |
| 2 | ഭരണഘടനാ കൈപ്പുസ്തകം (20/-രൂപ നിരക്കിൽ) | 2,00,000/- (20 X 10000 പ്രതികൾ) | | | |
| 3 | ഭരണഘടനയുടെ ആമുഖത്തിന്റെ പകർപ്പ് (10/-രൂപ നിരക്കിൽ) | 1,00,000/- (10 X 10000 പ്രതികൾ) | | | |
| 4 | സെനറ്റർമാർക്ക് ആവശ്യമായ അദ്ധ്യാപന സാമഗ്രികൾ | 15,000/- | 4,92,750/- 2,54,675/- | ബിൽ നം. 108/01.01.23, ബിൽ നം. 142/31.03.23 | 2,74,860/- |
| 5 | സെനറ്റർമാർക്കുള്ള ഹോണറേറിയം (1,000/-രൂപ നിരക്കിൽ പ്രതിമാസം ഡാറ്റാ ചാർജ്ജ് ഉൾപ്പെടെ പരാമവധി 20 പേർക്ക്) | 1,20,000/- (1000 X 20 X 6 മാസം) | | | |
| | **ആകെ** | **4,75,000/- Rounded To 5,00,000/-** | **7,74,860/-** | | |

ജില്ലയെ സമ്പൂർണ്ണ ഭരണഘടനാ സാക്ഷരതാ ജില്ലയായി 12.1.24 ന് ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചതിന് ശേഷവും കൈപ്പുസ്തക വിതരണത്തിനായും, മാസ്റ്റർമാരുടെ ഹോണറേറിയത്തിനായും തുക ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി മാർഗ്ഗരേഖകൾ പാലിക്കാതെ നടത്തിയ 2,74,860/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ചെലവഴിച്ച തുക പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

**നിരാകരിച്ച തുക – 2,74,860/-രൂപ**

**ഓഡിറ്റ് അന്വേഷണം നം – 21, തീ. 19-01-2024**

**1-27 കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.**

'സർക്കുലർ നം 86 /2010 /ധന., തീ 24-09-2010, സർക്കുലർ നം എ. ബി2/703/2015/ത.സ്വ.ഭ.വ തീ 16-01-2016' എന്നിവ പ്രകാരം കമ്പ്യൂട്ടർ, സെർവർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷത്തിൽ കമ്പ്യൂട്ടർ വാങ്ങൽ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എ എം സി എന്നിവയ്ക്കായി പ്രോജക്ടുകൾ പ്രകാരം താഴെ കൊടുത്തിരിക്കുന്ന തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് | ചെലവഴിച്ച തുക (രൂപ) | ബിൽ നം, തീയതി |
|---|---|---|---|
| 1 | നഗരസഭയിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് എ എം സി (28/23)<br>അടങ്കൽ തുക - 1,79,647/- (വികസന ഫണ്ട്) | 81,288/- | 8, തീ 16-05-22 |
| 2 | നഗരസഭയിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് എ എം സി (164/23)<br>അടങ്കൽ തുക - 2,30,000/- (വികസന ഫണ്ട്) | 52,451/-<br>18,000/-<br>34,451/- | 30, തീ.31-08-22<br>91, തീ.09-01-23<br>138,<br>തീ. 30-03-23 |
| 3 | ലാപ് ടോപ്പ്, പ്രിന്റർ ഇവ വാങ്ങൽ (167/23)<br>അടങ്കൽ തുക – 7,00,000/- (ധ. ക. ഗ്രാന്റ്) | 3,32,000/-<br>1,95,896/- | 476<br>തീ.27-03-23<br>477<br>തീ. 27-03-23 |
| | **ആകെ** | **7,14,086/-** | |

സർക്കാർ നിർദ്ദേശപ്രകാരം തയ്യാറാക്കിയിട്ടുള്ള കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 17-01-2024 ൽ ഓഡിറ്റ് റിക്വസിഷൻ (നം.2) നല്കിയെങ്കിലും രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കമ്പ്യൂട്ടർ വാങ്ങൽ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എ എം സി എന്നിവയ്ക്കായി ചെലവഴിച്ച തുകകളുടെ ആധികാരികതയും ഇൻസ്റ്റലേഷൻ വിവരങ്ങളും പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ചെലവ് വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കുന്നതിന് സ്റ്റോക്ക് രജിസ്റ്റർ, മറ്റ് രേഖകൾ എന്നിവ ഹാജരാക്കാത്തതിനാൽ 7,14,086/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**തടസ്സപ്പെടുത്തിയ തുക - 7,14,086/-രൂപ**

**ഓഡിറ്റ് റിക്വിസിഷൻ നം – 2/17.01.2024**

**1-28 കേരള വാട്ടർ അതോറിറ്റിയിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള നിക്ഷേപ പ്രവൃത്തികൾ – പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.**

താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് നിക്ഷേപ പ്രവൃത്തികളായി നിർവ്വഹണം നടത്തുന്നതിന് തുകകൾ ഒടുക്കുവരുത്തിയിട്ടുണ്ട്. പ്രോജക്ടുകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം, പേര് | ഒടുക്കിയ തുക (രൂപ) | ബിൽ നം., ഒടുക്കിയ തീയതി, |
|---|---|---|---|
| 1 | വിവിധ വാർഡുകളിൽ ഗാർഹിക കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (252/23)<br>അടങ്കൽ തുക - 30,00,000/-<br>(ധ.ക. ഗ്രാന്റ്) | 29,80,000/- | എ.സി.ആർ ബിൽ നം. 519,<br>തീ. 28-03-2023 |
| 2 | ഭരണിക്കാവ് വാർഡിലെ വിവിധ ഭാഗങ്ങളിൽ എ.സി. പൈപ്പ് മാറ്റി പുതിയത് സ്ഥാപിക്കൽ (428/23) | 27,00,000/- | എ.സി.ആർ ബിൽ നം. 437,<br>തീ. 23-03-2023 |

| | | | |
|---|---|---|---|
| | അടങ്കൽ തുക – 27,00,000/-<br>(ധ.ക. ഗ്രാന്റ്) | | |
| 3 | പോലീസ് സ്റ്റേഷൻ റോഡ് എ.സി. പൈപ്പ് മാറ്റി പുതിയത് സ്ഥാപിക്കൽ (317/23)<br>അടങ്കൽ തുക - 40,00,000/-<br>(ധ.ക. ഗ്രാന്റ്) | 39,30,000/- | എ.സി.ആർ ബിൽ നം. 273,<br>തീ. 28-12-2022 |
| 4 | ഭരണിക്കാവ് ക്ഷേത്രം റോഡിൽ എ.സി. പൈപ്പ് മാറ്റി പുതിയത് സ്ഥാപിക്കൽ (253/23)<br>അടങ്കൽ തുക - 40,00,000/-<br>(ധ.ക. ഗ്രാന്റ്) | 40,00,000/- | എ.സി.ആർ ബിൽ നം. 303, തീ. 17-01-2023 |
| 5 | കക്കോട് ലൈബ്രറി മുതൽ ചെങ്കളം വരെ പുതിയ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ (318/23)<br>അടങ്കൽ തുക - 20,00,000/-<br>(ധ.ക. ഗ്രാന്റ്) | 20,00,000/- | എ.സി.ആർ ബിൽ നം. 438, തീ. 23-03-2023 |
| | **ആകെ** | **1,56,10,000/-** | |

പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ കേരളാ വാട്ടർ അതോറിറ്റിയിൽ നിക്ഷേപ പ്രവൃത്തികൾക്കായി നടത്തിയ 1,56,10,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 03, തീ 16-01-2024) മറുപടി നല്കിയിട്ടില്ല.

**തടസ്സപ്പെടുത്തിയ തുക - 1,56,10,000/-രൂപ**

**ഓഡിറ്റ് അന്വേഷണം നം – 03, തീ 16-01-2024**

**1-29 മുൻകൂർ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.**

വിവിധയിനങ്ങൾക്കായി മുൻകൂറായി നൽകിയ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ നൽകുന്നു.

മുൻകൂർ അനുവദിച്ച ഉദ്യോഗസ്ഥൻ – സെക്രട്ടറി

| ക്രമ നം. | ഫയൽ നം. | നൽകിയ തുക(രൂപ) | ചെക്ക് നം./ തീയതി | പ്രവർത്തനം, പ്രവൃത്തി ഇനം | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | E4-15197/22 | 50,000/- | 513948/ 22.9.22 | റോഡുകളിലെ കുഴി അടയ്ക്കുന്നതിന് | ശ്രീ.ജയരാജ്, അസി.എൻജിനീയർ |
| 2 | H1-18722/22 | 10,000/- | 001465/ 26.10.22 | സ്വച്ഛതാ കാ ദോ രംഗ് പരിപാടിയുടെ നഗരസഭാതല പ്രവർത്തനം | ശ്രീമതി.സിനി.കെ.ആർ JHI-II |
| 3 | C1-1142/23 | 7,000/- | 587661/ 30.1.23 | ബഹു. ചെയർപേഴ്സന്റെ തെരഞ്ഞെടുപ്പ് സജ്ജീകരണം | ശ്രീമതി.രാജി.പി, ക്ലർക്ക് |
| 4 | R1-5708/14 | 10,000/- | 587666/ 3.2.23 | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായ പ്രവർത്തനങ്ങൾ | ശ്രീ.മുഷാദ്.എ, റവന്യൂ ഇൻസ്പെക്ടർ |
| 5 | C1-1142/23 | 6,000/- | 649574/ 27.2.23 | വൈസ് ചെയർമാന്റെ തെരഞ്ഞെടുപ്പ് സജ്ജീകരണം | ശ്രീമതി.രാജി.പി, ക്ലർക്ക് |
| 6 | C1-3401/23 | 25,000/- | 649582/ 9.3.23 | കൗൺസിൽ ഹാൾ, ക്യാബിൻ | ശ്രീമതി.രാജി.പി, ക്ലർക്ക് |

| | | | | | |
|---|---|---|---|---|---|
| | | | | അറ്റകുറ്റപ്പണികൾ | |
| 7 | A1-2329/22 | 50,000/- | 649590/ 23.3.23 | ബജറ്റിന്റെ പ്രാരംഭച്ചെലവ് | ശ്രീ.പ്രതാപചന്ദ്രൻ, സൂപ്രണ്ട് |

കേരള ഫിനാൻഷ്യൽ കോഡ് അനുഛേദം 99 പ്രകാരം താൽക്കാലിക അഡ്വാൻസ് കൈപ്പറ്റി മൂന്നു മാസത്തിനകം ഫൈനൽ ബിൽ സമർപ്പിച്ച് മുൻകൂർ ക്രമീകരിക്കേണ്ടതാണ്. 4/10/11 ലെ GO(P)419/2011/FIN ഉത്തരവ് പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ മുൻകൂർ ക്രമീകരിക്കുന്നതിനുള്ള രേഖകൾ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ തുകയും അടിയന്തിരമായി തിരിച്ച് പിടിക്കേണ്ടതും തിരിച്ച് പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ 18% നിരക്കിൽ പലിശ ഈടാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് ക്രമവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുവെന്നാണ് മറുപടി ലഭ്യമാക്കിയത്. മുൻകൂർ വാങ്ങിയ തുകയുടെ ചെലവ് രേഖകൾ ഹാജരാക്കി തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്തതിനാൽ 1,58,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. അഡ്വാൻസ് ആയി അനുവദിച്ച തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും പിഴ പലിശ സഹിതം ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

**നിരാകരിക്കുന്ന തുക – 1,58,000/-രൂപ**

**ഓഡിറ്റ് എൻക്വയറി നം. 18/18.1.2024**

**1-30 പട്ടികജാതി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് – രേഖകൾ ഹാജരാക്കിയില്ല. 14,25,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

പ്രോജക്ട് നമ്പർ – 220 /23

" പട്ടികജാതി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് "

ആകെ അടങ്കൽ - 16,00,000/-രൂപ

ആകെ ചെലവ് – 14,25,000/-രൂപ, വികസനഫണ്ട് - എസ്.സി.പി

| ബിൽ നമ്പർ | തീയതി | തുക,(രൂപ) |
|---|---|---|
| 319 | 31-1-23 | 5,80,000/- |
| 320 | 31-1-23 | 3,80,000/- |
| 353 | 16-2-23 | 1,70,000/- |
| 375 | 28-2-23 | 90,000/- |
| 404 | 15-3-23 | 95,000/- |
| 467 | 26-3-23 | 90,000/- |
| 507 | 28-3-23 | 20,000/- |

ഹെൽത്ത് ഓഫീസർ നിർവഹണം നടത്തിയ 'പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്' എന്ന പ്രോജക്ട് പ്രകാരം ആകെ 14,25,000/-രൂപ ചെലവാക്കിയിട്ടുണ്ട്. എന്നാൽ ഏതാനും ചില ഗുണഭോക്താക്കളുടെ അപൂർണ്ണമായ അപേക്ഷയും അനുബന്ധരേഖകളും മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ആയതിനാൽ സർക്കാർ ഉത്തരവ് (കൈ) നമ്പർ 115/2022/ത.സ്വ.ഭ.വ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചാണോ തുക നൽകിയിട്ടുള്ളത് എന്ന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ബില്ലുകൾ, അപേക്ഷകൾ, ഗുണഭോക്താക്കൾ പഠിക്കുന്ന കോഴ്സ് തെളിയിക്കുന്ന രേഖകൾ ഇവ പരിശോധനയ്ക്കായി ഹാജരാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുകയുടെ ആധികാരികത പരിശോധിയ്ക്കാൻ സാധിയ്ക്കാത്ത സാഹചര്യത്തിൽ 14,25,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

**തടസ്സപ്പെടുത്തുന്ന തുക - 14,25,000/-രൂപ**

**ഓഡിറ്റ എൻക്വയറി നം – 28/20-1-24**

**1-31 ഇൻഷ്വറൻസ് കവറേജ് ഇല്ലാത്ത പ്രവൃത്തികൾക്ക് ഫൈൻ ഈടാക്കിയില്ല.**

2022-23 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും കരാർ തുകയുടെ 0.5%, (മിനിമം 2,00,000/-മാക്സിമം 5,00,000/-) ഇൻഷ്വറൻസ് കവറേജ് ആയി പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. പ്രസ്തുത വ്യവസ്ഥ കരാറുകാർക്ക് നൽകിയ ലെറ്റർ ഓഫ് അക്സപ്റ്റൻസിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഇപ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ല എന്നു കാണുന്നു.

| ക്രമ നം. | പ്രോജക്ട് വിവരം | പി.എ.സി. തുക (രൂപ) | ഈടാക്കേണ്ട ഫൈൻ തുക (പി.എ.സി. തുകയുടെ 0.2%) (രൂപ) |
|---|---|---|---|
| 1 | പ്രോജക്ട് നം.233/23<br>മുനിസിപ്പാലിറ്റി ഏഴുനില ഷോപ്പിംഗ് കോംപ്ലക്സ് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ<br>കരാറുകാരൻ - M/S Power Craft Electrical Contractors (P) Ltd. | 51,56,609/- | 10,313/- |
| 2 | പ്രോജക്ട് നം. 297/23<br>വാളക്കോട് - പള്ളിക്കുന്ന് റോഡ് റീകോൺക്രീറ്റിംഗ്<br>കരാറുകാരൻ - ശ്രീ.അലൻ ജെ പി കൂടാരത്തിൽ | 2,79,217/- | 558/- |
| 3 | പ്രോജക്ട് നം. 305/23<br>താഴേക്കട വാതുക്കൽ - മില്ല് – ഉഗ്രൻകുന്ന് റോഡ് റീകോൺക്രീറ്റിംഗ്<br>കരാറുകാരൻ - ശ്രീ.അലൻ ജെ പി കൂടാരത്തിൽ | 2,70,896/- | 542/- |
| 4 | പ്രോജക്ട് നം. 306/23<br>മണ്ണാംമൂല സംരക്ഷണഭിത്തി നിർമ്മാണം<br>കരാറുകാരൻ - ശ്രീ.മാത്യു.എം. | 9,66,041/- | 1,932/- |
| 5 | 316/23<br>പാപ്പന്നൂർ-പേപ്പർമിൽ റോഡ് റീകോൺക്രീറ്റിംഗും സംരക്ഷണഭിത്തി നിർമ്മാണവും<br>കരാറുകാരൻ - ശ്രീ.മാത്യു.എം. | 2,11,681/- | 423/- |
| 6 | 360/23<br>നെടുങ്കയം - കല്ലുമല റോഡ് റീകോൺക്രീറ്റിംഗ്<br>കരാറുകാരൻ - ശ്രീ.മാത്യു.എം. | 3,35,479/- | 671/- |
| 7 | 402/23<br>തൊളിക്കോട് ഗവ.എൽ.പി.എസ് പ്രവേശനവഴി കോൺക്രീറ്റിംഗ്, ഹാൻഡ് റെയിൽ സ്ഥാപിക്കൽ<br>കരാറുകാരൻ - ശ്രീ.എസ്. നാരായണൻ. | 2,53,421/- | 507/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/18.1.24) ലഭ്യമാക്കിയ മറുപടിയിൽ ടി തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കുന്നതിന് അറിയിപ്പ് നൽകുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്. തുക ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. കരാറുകാരെക്കൊണ്ട് ഇൻഷ്വറൻസ് കവറേജ് സമർപ്പിക്കുന്നതിന് തുടർ വർഷങ്ങളിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

**1-32 ബിൽ തുക തെറ്റായി കണക്കാക്കി - അധികം പിൻവലിച്ച 44,368/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 107/23 (Spill Over Of 311/22) |
| പ്രോജക്ടിന്റെ പേര് | മണിയാർ ഗവ.യു.പി.എസ്-ൽ ചുറ്റുമതിൽ നിർമ്മാണവും പെയിന്റിംഗും |
| നിർവഹണം | അസി.എഞ്ചിനീയർ |
| അടങ്കൽ തുക | 5,00,000/-രൂപ (മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്) |
| കരാറുകാരൻ | ശ്രീ. നിഖിൽ.എസ്. ( 13.85% കുറവ്) |
| എഗ്രിമെന്റ് നം/തീയതി | 117/AE/PMC/21-22/24.3.22 |
| ബിൽ നം./തീയതി, തുക | 32/22-23/20.2.23, 4,50,598/-രൂപ |

പ്രസ്തുത പ്രവൃത്തിയുടെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ പ്രവൃത്തിമൂല്യം = ₹ 3,99,608.12/-

പരിമിതപ്പെടുത്തിയത് = ₹ 3,81,863/-

(+) 18% GST ₹ 68,735/-

---------

₹ 4,50,598/- (ബിൽ നം.32/22-23/20.2.23)

=========

<u>യഥാർത്ഥത്തിൽ പിൻവലിക്കേണ്ടിയിരുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.</u>

ആകെ പ്രവൃത്തിമൂല്യം = ₹ 3,99,608.12/-

(-) ടെണ്ടർ കുറവ് 13.85% = ₹ 55,345.72/-

------------

₹ 3,44,262.40/-

(+) 18% GST ₹ 61,967.23/-

------------

₹ 4,06,230/-

===========

അധികം പിൻവലിച്ച തുക = 4,50,598 - 4,06,230 = ₹ 44,368/-

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പി.എ.സി. തുകയായ 4,43,253.75/-രൂപയിൽ നിന്നും 13.85% കുറവായി കരാറുകാരൻ രേഖപ്പെടുത്തിയ 3,81,863.11/-രൂപയിൽ ആകെ പ്രവൃത്തിമൂല്യം പരിമിതപ്പെടുത്തിയതിനാലാണ് ഇപ്രകാരം പിഴവ് സംഭവിച്ചത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/18.1.24) ലഭ്യമാക്കിയ മറുപടിയിൽ അധികമായി പിൻവലിച്ച തുക എത്രയും വേഗം തിരികെ ഒടുക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

തുക അധികമായി പിൻവലിച്ചതിനാൽ ഉണ്ടായ 44,368/-രൂപയുടെ അധികചെലവ് അംഗീകരിക്കുന്നില്ല. അധികം പിൻവലിച്ച തുക എത്രയും വേഗം ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**നിരാകരിച്ച തുക – 44,368/-രൂപ**

**ഓഡിറ്റ് എൻക്വയറി നം – 16/18.01.2024**

**1-33 ഇ-ടെണ്ടർ ഫാറവില മുനിസിപ്പൽ ഫണ്ടിൽ ഒടുക്കാൻ നടപടി സ്വീകരിക്കണം.**

ഇ-ടെണ്ടർ ഫാറ വില ഇനത്തിൽ മുനിസിപ്പൽ എഞ്ചിനീയറുടെ അക്കൗണ്ടിൽ (നം.67220434032, SBI, പുനലൂർ ശാഖ) ക്രെഡിറ്റ് ചെയ്തിട്ടുള്ളതും, നഗരസഭാ ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാനവശേഷിക്കുന്നതുമായ തുകയുടെ വിവരം മുനിസിപ്പൽ എഞ്ചിനീയർ ലഭ്യമാക്കിയിട്ടുള്ളത് ചുവടെ ചേർക്കുന്നു.

| വർഷം | തുക (രൂപ) |
|---|---|
| 2022-23 | 5,69,489/- |
| 2023-24 (20.1.2024 വരെ) | 1,53,918/- |
| **ആകെ** | **7,23,407/-** |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.15/18.1.24) മറുപടിയിൽ തുക എത്രയും വേഗം മുനിസിപ്പൽ ഫണ്ടിൽ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക മുനിസിപ്പൽ ഫണ്ടിലേക്ക് ഒടുക്കുവരുത്തിയതിന്റെ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

**1-34 ചെമ്മന്നൂരിൽ ഠൗൺ ഹാളും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മാണം - പദ്ധതി സ്തംഭനാവസ്ഥയിൽ.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 143/23 (Spill Over Of 194/22) |
| നിർവഹണം | മുനിസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ തുക | 4,95,00,000/-രൂപ (CFC + Plan + Loan) |
| കരാറുകാരൻ | ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് |
| എഗ്രിമെന്റ് നം/തീയതി | 7/18-19/AEE/28.2.2019 |

ചെമ്മന്നൂരിൽ ഠൗൺ ഹാളും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുന്നതിനായി 2018-19 ൽ പ്രോജക്ട് നം. 190/19 ആയി രൂപീകരിച്ച പ്രസ്തുത പ്രവൃത്തി 2019-20, 2020-21, 2021-22, 2022-23 വർഷങ്ങളിൽ സ്പിൽ ഓവറായി തുടർന്നു. 2018-19, 2019-20 വർഷങ്ങളിൽ പദ്ധതിക്കായി തുകയൊന്നും ചെലവഴിച്ചില്ല. തുടർ വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ബിൽ വിവരം | തുക (രൂപ) |
|---|---|---|---|
| 1 | 2020-21 | CC-I & PART | 7,61,744/- |
| 2 | 2021-22 | CC-II & PART | 1,02,00,000/- |
| 3 | 2021-22 | CC-III & PART | 33,35,426/- |
| 4 | 2022-23 | CC-II & PART (Balance) | 5,88,880/- |
| **ആകെ** | | | **1,48,86,050/-** |

നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാന്നിദ്ധ്യത്തിൽ 19.1.24 ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ മാത്രമാണ് നിർവഹിച്ചിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പൈലിംഗ്, ഫൂട്ടിംഗ്, ഫൗണ്ടേഷൻ, ബേസ്മെന്റ് പ്രവൃത്തികൾ വരെ പൂർത്തീകരിച്ചതിനാണ് 1,48,86,050/-രൂപ ചെലവഴിച്ചിരിക്കുന്നത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.15/18.1.24) മറുപടിയിൽ ആദ്യവർഷം പ്ലാൻ ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും, ബാക്കി തുക ലോണുമാണ് ഉൾപ്പെടുത്തിയിരുന്നതെന്നും, എന്നാൽ 50 ലക്ഷം രൂപ ഫൗണ്ടേഷൻ പ്രവൃത്തികൾക്കുപോലും തികയാത്ത സാഹചര്യത്തിൽ 2022-23 വർഷം പ്രോജക്ടിന്റെ ഫണ്ട് ഭേദഗതി ചെയ്ത് 1,50,00,000/-രൂപ CFC, Plan Fund എന്നിവയിൽ നിന്നും, ബാക്കി 3,45,00,000/-രൂപ ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള ലോണും ആയി ഉൾപ്പെടുത്തിയെന്നും പരാമർശിച്ചിരിക്കുന്നു. CFC, Plan Fund എന്നിവയിൽ നിന്നും ലഭ്യമായ തുകയിൽ നിന്നുമാണ് പൈലിംഗ്, ഫൂട്ടിംഗ്, ഫൗണ്ടേഷൻ ബേസ്മെന്റ് പ്രവൃത്തികൾ വരെ പൂർത്തീകരിച്ചതിന് 1,48,86,050/-രൂപ ചെലവഴിച്ചിരിക്കുന്നത്. ഇനിയുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് ഫണ്ട് ലഭ്യമല്ലെന്നും, KURDFC-യിൽ നിന്നും ലോൺ എടുത്ത് ചെയ്യണമെന്നാണ് ഭരണസമിതി തീരുമാനിച്ചിട്ടുള്ളതെന്നും, ആയതിനായി പുതുക്കിയ DPR, അനുബന്ധരേഖകൾ എന്നിവ തയ്യാറാക്കി ലോണിനായി സമർപ്പിക്കേണ്ടതായിട്ടുണ്ടെന്നും, DPR തയ്യാറാക്കുന്നതിന് ഒരു ഏജൻസിയെ ഏൽപ്പിക്കുന്ന വിഷയം കൗൺസിലിന്റെ പരിഗണനയിലാണെന്നും, ലോൺ ലഭ്യമായാൽ മാത്രമേ പദ്ധതി നിർവഹണം നടത്താൻ കഴിയൂ എന്നും നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിരിക്കുന്നു.

പദ്ധതി ആസൂത്രണത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്താതിരുന്നതിനാലാണ് ഇത്തരത്തിലുള്ള അവസ്ഥ സംജാതമായിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വ്യക്തമായ ധനകാര്യ വിശകലനം നടത്തി ഫണ്ടിന്റെ ലഭ്യത

ഉറപ്പുവരുത്തി മാത്രം നിർവഹണം ആരംഭിക്കേണ്ടിയിരുന്ന പ്രസ്തുത പ്രവൃത്തി പ്രാരംഭഘട്ടത്തിൽ തന്നെ സ്തംഭനാവസ്ഥയിലേക്ക് നീങ്ങുന്ന സാഹചര്യം ഒട്ടും ന്യായീകരിക്കത്തക്കതല്ല. സമയബന്ധിതമായ തുടർപ്രവർത്തനങ്ങളില്ലെങ്കിൽ പദ്ധതിക്കായി ചെലവഴിച്ച 1,48,86,050/-രൂപ പാഴ്ചെലവായി മാറാൻ സാദ്ധ്യതയുണ്ട്. പദ്ധതിലക്ഷ്യം കൈവരിക്കുന്നതിന് ഉചിതമായ ധനസ്രോതസ്സ് കണ്ടെത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.



## 1-35 പൊതു ടാപ്പുകളുടെ വെള്ളക്കരം, കൗൺസിൽ തീരുമാനം നടപ്പിലാക്കിയിട്ടില്ല.

പ്രോജക്റ്റ് – പൊതു ടാപ്പുകളുടെ വെള്ളക്കരം ( നം. 217/23)

അടങ്കൽ തുക - 19,01,692/-രൂപ (സംരക്ഷണ ഗ്രാന്റ് - റോഡിതരം)

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

നഗരസഭയും കേരളാ വാട്ടർ അതോറിറ്റിയും സംയുക്തമായി നടത്തിയ പരിശോധനയിൽ പ്രവർത്തനക്ഷമമായ പൊതു വാട്ടർ ടാപ്പുകളുടെ എണ്ണം 255 ആയി കണ്ടെത്തി പുനർനിർണ്ണയിച്ചിട്ടുള്ളതാണ്. കേരളാ വാട്ടർ അതോറിറ്റി 09-03-2022 ലെ 61400 നം. ബിൽ പ്രകാരം നഗരസഭയുടെ വെള്ളക്കര കുടിശ്ശിക 12,32,09,384/-രൂപയായി നിർണ്ണിച്ചുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നല്കുകയും ചെയ്തു. നഗരസഭാ കൗൺസിലിന്റെ 07-06-2022 ലെ തീരുമാനം (നം-15) പ്രകാരം നഗരസഭാ പരിധിയിലുള്ള കേരളാ വാട്ടർ അതോറിറ്റിയുടെ പൊതുടാപ്പുകൾ മുഴുവനും വിച്ഛേദിക്കുന്നതിന് തീരുമാനിക്കുകയും, 20-10-2022ൽ എ7 -14300/06 ആയി കേരളാ വാട്ടർ അതോറിറ്റി, കൊട്ടാരക്കര പി എച്ച് ഡിവിഷൻ എക്സി.എഞ്ചിനീയർക്ക് കത്ത് നല്കുകയും ചെയ്തു. 06-01-2023 ലെ കേരളാ വാട്ടർ അതോറിറ്റിയുടെ പുനലൂർ പി എച്ച് ഡിവിഷൻ അസി. എക്സി.എഞ്ചിനീയറുടെ DB1/KWA/WSSDn/PLR/GL/2021 നമ്പർ കത്തിൽ പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് 3,87,776/-രൂപ ഒടുക്കുവരുത്തേണ്ടതാണെന്ന് അറിയിച്ചു.

08-03-2023 ൽ കേരളാ വാട്ടർ അതോറിറ്റി, കൊട്ടാരക്കര പി എച്ച് ഡിവിഷൻ എക്സി.എഞ്ചിനീയറുടെ കത്ത് പ്രകാരം 2021-22 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ അടയ്ക്കുവാനുള്ള കുടിശിക തുക 13,32,09,384/-രൂപായിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി 9,07,55,105/-രൂപ പൂർണ്ണമായും ഒഴിവാക്കി നല്കിയിട്ടുള്ളതാണെന്നും 2022-23 സാമ്പത്തിക വർഷം അവസാനം വരെ അടയ്ക്കുവാനുള്ള ആകെത്തുക 6,69,18,173/-രൂപയാണെന്നും ആയത് ഒടുക്കുവരുത്തുവാനും അഭ്യർത്ഥിച്ചു. 2022-23 സാമ്പത്തിക വർഷം നഗരസഭ ആകെ ഒടുക്കുവരുത്തിയിട്ടുള്ള തുക 19,01,692/-രൂപയാണ്.

2022 മാർച്ച് മാസം മുതൽ നഗരസഭയിലെ പൊതുടാപ്പുകളുടെ വെള്ളക്കരം ഒരു ടാപ്പിന് പ്രതിവർഷം 8,278.20/-രൂപ നിരക്കിൽ നിന്നും 21,838.68/-രൂപയായി വർദ്ധിച്ചു. ഇതുപ്രകാരം 255 പൊതു ടാപ്പുകളുടെ പ്രതിമാസ വെള്ളക്കരം 1,75,908/-രൂപയിൽ നിന്ന് 4,64,079/-രൂപയായി വർദ്ധിച്ചു.

അസി. എക്സി.എഞ്ചിനീയർ, കേരളാ വാട്ടർ അതോറിറ്റി പുനലൂരിന്റെ 06-01-2023 ലെ DB1/KWA/WSSDn/PLR/GL/2021 നമ്പർ കത്തിലൂടെ പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് 3,87,776/-രൂപ ഒടുക്കുവരുത്തേണ്ടതാണെന്ന് അറിയിച്ചുവെങ്കിലും ഇതിൻമേൽ തുടർനടപടികൾ സ്വീകരിച്ചതായി രേഖയില്ല.

പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് തുക ഒടുക്കുവരുത്തിയിട്ടില്ലായെങ്കിൽ ആയതിന്റെ കാരണവും വെള്ളക്കര കുടിശിക ഇനത്തിലുള്ള തുക കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും

വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27, തീ 20-01-2024) മറുപടി നല്കിയിട്ടില്ല.

വെള്ളക്കര കുടിശ്ശിക ഒടുക്കുവരുത്തുന്നതിനും, നഗരസഭാ കൌൺസിലിന്റെ 07-06-2022 ലെ തീരുമാനം നടപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-36 വക്കീൽ ഫീസ് അനുവദിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.**

നഗരസഭ കക്ഷിയായി ബഹു. കേരള ഹൈക്കോടതിയിലുള്ള 4 കേസുകളിൽ ഹാജരായതിന് വക്കീൽ ഫീസിനത്തിൽ 60,000/-രൂപ ചെക്ക് നം.587666/3.2.23 പ്രകാരം അഡ്വ.മനോജ് രാമസ്വാമിയ്ക്ക് നൽകിയിട്ടുണ്ട്. കേസ് നം. WP(c)2307/21, WP(c)1853/21, WP(c)23017/20, WP(c)2845/21 എന്നീ കേസുകളിൽ ഹാജരായതിനാണ് തുക അനുവദിച്ചിട്ടുള്ളത് കേസ് നടത്തിപ്പിലെ പുരോഗതിയുടെയും കേസിലെ നിലവിലെ സ്ഥിതിയുടെയും വിവരം ലഭ്യമാക്കിയില്ല. സ്യൂട്ട് രജിസ്റ്ററിൽ കേസ് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഒന്നുംതന്നെ വരുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 60,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കേസ് നടത്തിപ്പ് പുരോഗതി രേഖകൾ സാക്ഷ്യപ്പെടുത്തിയ സ്യൂട്ട് രജിസ്റ്റർ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**തടസ്സപ്പെടുത്തുന്ന തുക – 60,000/-രൂപ**

**ഓഡിറ്റ് എൻക്വയറി നം – 29/20.01.2024**

**1-37 ലോൺ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.**

**1. ഇ.എം.എസ്സ് ലോൺ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.**

2022-23 ലെ വാർഷിക ധനകാര്യപത്രിക പ്രകാരം ഇ.എം.എസ്സ് ലോൺ ഇനത്തിൽ പുനലൂർ സർവീസ് സഹകരണ ബാങ്കിൽ ഒരു അക്കൗണ്ട് നിലനിൽക്കുന്നുണ്ട്. ഈ അക്കൗണ്ടിൽ നീക്കിയിരുപ്പായി 6,96,868/-രൂപ ഉൾപ്പെട്ടിട്ടുണ്ട്. ഈ അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. അക്കൌണ്ട് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ഇ.എം.എസ്സ് ഭവന പദ്ധതിയ്ക്കായി പുനലൂർ സർവീസ് സഹകരണബാങ്കിൽ നിലവിലുള്ള അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതും സർക്കാർ നിർദ്ദേശം സ്വീകരിച്ച് തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

**2. ലോണിനത്തിലെ ബാധ്യത 13,48,31,664/-രൂപ.**

വാർഷിക ധനകാര്യ പത്രികയിൽ 31.3.22 ൽ ലോണിനത്തിൽ 12,95,66,812/- രൂപ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| Loan From Financial Institution | (-) 1,76,44,000/- |
| Loan From KURDFC | 1,35,79,146/- |
| Loan From HUDCO | 13,36,31,666/- |

എന്നാൽ 2022-23 ലെ ലോണിനത്തിലെ ബാധ്യത Loan From HUDCO - 13,48,31,664/-രൂപയാണ്. തൻവർഷം 1,10,00,002/-രൂപ സ്രോതസ്സിൽ നിന്നും കുറവുചെയ്തിട്ടുണ്ട്. ആയതു പ്രകാരം HUDCO ലോണിനത്തിൽ 12,26,31,664/-രൂപ (1,33,63,166 – 1,10,00,002) ബാധ്യതയായി ഉൾപ്പെടുത്തേണ്ടതിനു പകരം 13,48,31,664/-രൂപ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ KURDFC ലോണിനത്തിലുള്ള തുകയുടെ അടവ് സംബന്ധിച്ച രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിൽ B-5 ഹെഡ്ഡിൽ ഉൾപ്പെട്ട വായ്പ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും കണക്കുകളിലെ പൊരുത്തക്കേടുകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

**1-38 സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് പെൻഷൻ അംശദാനം ഒടുക്കുന്നില്ല.**

പെൻഷൻ അംശദാനമിനത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് നഗരസഭ തുക ഒടുക്കിയിട്ടില്ല. ബി-9 ഷെഡ്യൂളിൽ 2,27,31,551/-രൂപ Contribution To Pension Fund Payable ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടം 8(1) അനുസരിച്ച് എല്ലാ

മാസവും 15-ാം തീയതിയ്ക്കകം പെൻഷൻ അംശദാനം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. നഗരസഭാ ജീവനക്കാരുടെ പെൻഷൻ അംശദാനം നിശ്ചിത സമയത്ത് ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം – 24/19.01.2023**

**1–39 'സ്പർശം – ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനത്തിനായി മരുന്ന് വാങ്ങൽ' – ഉദ്ദേശ്യത്തിന് വിരുദ്ധമായി പദ്ധതി നിർവഹണം നടത്തി.**

(1) പ്രോജക്ട് നമ്പർ – 8/23

പ്രോജക്ട് – സ്പർശം – ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം
ആകെ അടങ്കൽ – 15,00,000/-രൂപ
ആകെ ചെലവ് – 15,00,000/-രൂപ - വികസന ഫണ്ട് (ജനറൽ)
നിർവഹണോദ്യോഗസ്ഥൻ – ഹെൽത്ത് ഓഫീസർ

(2) പ്രോജക്ട് നമ്പർ – 205/23 ( സ്പിൽ ഓവർ)

പ്രോജക്ട് - സ്പർശം – ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം
ആകെ അടങ്കൽ – 1,79,200/-രൂപ
ആകെ ചെലവ് – 1,79,143/-രൂപ - വികസന ഫണ്ട് (ജനറൽ)
നിർവഹണോദ്യോഗസ്ഥൻ – ഹെൽത്ത് ഓഫീസർ

| ബിൽ നം. | തുക (₹) | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|
| 21/6.9.22 | 2,25,539/- | നീതി മെഡിക്കൽ സ്റ്റോർ |
| 36/24.11.22 | 83,482/- | നീതി മെഡിക്കൽ സ്റ്റോർ |
| 35/24.11.22 | 49,228/- | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി |
| 40/13.12.22 | 2,15,618/- | നീതി മെഡിക്കൽ സ്റ്റോര് |
| 43/20.1.23 | 1,73,303/- | നീതി മെഡിക്കൽ സ്റ്റോര് |
| 50/10.2.23 | 3,36,433/- | നീതി മെഡിക്കൽ സ്റ്റോർ |
| 81/31.3.23 | 1,29,325/- | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി |
| 97/31.3.23 | 2,87,073/- | നീതി മെഡിക്കൽ സ്റ്റോർ |
| 26/7.10.22 (പ്രോജക്ട് നമ്പർ – 205/23 (സ്പിൽ ഓവർ) ) | 1,79,143/- | നീതി മെഡിക്കൽ സ്റ്റോർ |

വാർഡ് തല അർബൻ ഹെൽത്ത് സെന്ററുകളിൽ എൻ.ആർ.എച്ച്.എം ഡോക്ടറുടെ സേവനം ഉപയോഗിച്ച് ചികിത്സ നൽകുന്നതിനായി മരുന്ന് വാങ്ങുന്നതിനുള്ളതായിരുന്ന പദ്ധതി.

മെഡിക്കൽ ഓഫീസർ ആവശ്യകതാ നിർണയം നടത്തി, നിയമാനുസരണം മരുന്നുകൾ വാങ്ങി, ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ സ്റ്റോക്കിലെടുത്ത്, ശാസ്ത്രീയമായി സൂക്ഷിച്ച്, കൃത്യമായ അളവിൽ രോഗികൾക്ക് ഉപയോഗ നിർദേശങ്ങളോടെയാണ് മരുന്നുകൾ നൽകേണ്ടത്. എന്നാൽ J.P.H.N ന്റെ നേതൃത്വത്തിൽ വാർഡ് തലത്തിൽ ക്യാമ്പുകൾ നടത്തുകയും മരുന്നുകൾ വിതരണം ചെയ്യുകയും ആണ് ചെയ്തിരിയ്ക്കുന്നത്. മരുന്ന വാങ്ങൽ പ്രോജക്ടിന്റെ നിർവഹണദ്യോഗസ്ഥനായി ഹെൽത്ത് ഓഫീസറെ തെരഞ്ഞെടുത്തതിന്റെ കാരണം വ്യക്തമല്ല. ഹാജരാക്കിയ രേഖകൾ പ്രകാരം 4-8-23 വരെ വാർഡ് തലത്തിൽ ക്യാമ്പുകൾ നടത്തി മരുന്ന് വിതരണം ചെയ്തിരിയ്ക്കുന്നു. എന്നാൽ ക്യാമ്പുകളിലോ, മരുന്ന് വിതരണ സമയത്തോ മെഡിക്കൽ ഓഫീസറോ, ഫാർമസിസ്റ്റോ ഉണ്ടായിരുന്നതായി രേഖകളിൽ കാണുന്നില്ല. ഫയൽ, രജിസ്റ്റർ ഇവ പ്രകാരം മേൽ സൂചിത കാര്യങ്ങളെല്ലാം നിർവഹിച്ചിരിയ്ക്കുന്നത് ഒരു JPHN ആണ്. മരുന്നുകൾ മെഡിക്കൽ ഓഫീസറുടെ ആവശ്യപ്രകാരമാണ് വാങ്ങിയിട്ടുള്ളതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, വിതരണം ചെയ്യാൻ ശേഷിക്കുന്ന മരുന്നുകൾ നഗരസഭയുടെ മൂന്നാം നിലയിലെ 2 തടി അലമാരകളിൽ ആണ് സൂക്ഷിച്ചിരിയ്ക്കുന്നത് എന്ന് ഓഡിറ്റ് നേരിൽ കണ്ട് ബോധ്യപ്പെട്ടിട്ടുണ്ട്.







വാർഡ് തലത്തിൽ ക്യാമ്പ് സംഘടിപ്പിച്ചത് ആരുടെ മേൽനോട്ടത്തിലാണെന്നും. മരുന്നുകൾ ആവശ്യകതാ നിർണയം നടത്തി, വാങ്ങി, സ്റ്റോക്കിലെടുത്ത്, അളവ് നിശ്ചയിച്ച് വിതരണം നടത്തിയത് ആരാണ് എന്നും, മരുന്നുകളുടെ സൂക്ഷിപ്പ്, കൈകാര്യം ചെയ്യൽ ഇവ ആരാണ് നടത്തുന്നത് എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. പദ്ധതി ഉദ്ദേശ്യത്തിന് വിരുദ്ധമായി പദ്ധതി നിർവഹണം നടത്തുകയും, ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ അല്ലാതെ ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പടെ സൂക്ഷിയ്ക്കുകയും വിതരണം നടത്തുകയും ചെയ്യുന്നത് അഭിലഷണീയമല്ല. പഞ്ചായത്ത് / നഗരപാലികാ സ്ഥാപനങ്ങൾ പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ( സ.ഉ.(കൈ) നം. 115/2022 ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി - 28-5-22 ഖണ്ഡിക 7-6-4 ) പ്രകാരം കേന്ദ്രീകൃത രീതിയിലുള്ള വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കാനല്ലാതെ മരുന്നുകൾ വാങ്ങാനോ, മരുന്നിനുവേണ്ടി തുക ചെലവഴിക്കാനോ പാടില്ല. മുൻകൂർ തുക കെ.എം.എസ്.സി.എല്ലിന് നൽകി മരുന്ന് വാങ്ങാനാണ് സർക്കാർ അനുമതി നൽകിയിരിക്കുന്നത്. അടിയന്തിര ഘട്ടങ്ങളിൽ നീതി, കാരുണ്യാ, ജൻ ഔഷധി എന്നിവിടങ്ങളിൽ നിന്ന് മരുന്ന് വാങ്ങാനും അനുവാദം ഉണ്ട്. എന്നാൽ പ്രസ്തുത പ്രോജക്ടിൽ മരുന്നുവാങ്ങാനായി തുക കെ.എം.എസ്.സി.എല്ലിന് നൽകാതെ നീതി, കാരുണ്യാ, മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങിയിരിക്കുന്നത് ശരിയായ നടപടിയല്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

പതിനാലാം പഞ്ചവത്സര പദ്ധതി - സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ( സ.ഉ (കൈ) 115/2022 ത.സ്വ.ഭ.വ/ തീയതി.28-5-22), അനുബന്ധ സർക്കാർ ഉത്തരവുകൾ എന്നിവയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രോജക്ടുകളുടെ നിർവ്വഹണം നടത്താതിരുന്നതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

ആസൂത്രണമില്ലാതെ പദ്ധതി നിർവഹണം നടത്തിയതും വാങ്ങിയ മരുന്നുകൾ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിലല്ലാതെ കൈകാര്യം ചെയ്തതും നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നിർവഹണം നടത്തിയ സാഹചര്യം അന്വേഷിച്ച് തുടർനടപടികൾ സ്വീകരിക്കുകയും വിശദാംശങ്ങൾ അറിയിക്കുകയും ചെയ്യേണ്ടതാണ്. സർക്കാർ നിർദ്ദേശം അവഗണിച്ച് ജനങ്ങളുടെ ജീവന് അപകടമാകും വിധം മരുന്നുകൾ വിതരണം ചെയ്യുകയും കൈകാര്യം ചെയ്യുന്നതും സമഗ്രാന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് എൻക്വയറി നം. 11/17-1-24**

**1-40 തുണിസഞ്ചി വാങ്ങി വിതരണം നടത്തൽ - സ്റ്റോക്ക്, വിതരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. 7,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

പ്രോജക്റ്റ് നമ്പർ - 386/23

നഗരസഭാ പരിധിയിലെ മുഴുവൻ വീടുകളിൽ നിന്നും പ്ലാസ്റ്റിക് ക്യാരിബാഗ് ഒഴിവാക്കുന്നതിന്റെ ഭാഗമായി തുണിസഞ്ചി വാങ്ങി വിതരണം നടത്തൽ
അടങ്കൽ – 7,00,000/-രൂപ

ആകെ ചെലവ് – 7,00,000/-രൂപ

ഫണ്ടിനം - ധനകാര്യ കമ്മീഷൻ അവാർഡ്

നിർവഹണം – ഹെൽത്ത് ഓഫീസർ

നഗരസഭാ പരിധിയിലെ മുഴുവൻ വീടുകളിൽ നിന്നും പ്ലാസ്റ്റിക് ക്യാരിബാഗ് ഒഴിവാക്കുന്നതിന്റെ ഭാഗമായി വീടുകളിലേക്ക് മിലാഞ്ചി ജൂട്ടിന്റെ തുണിസഞ്ചി വാങ്ങി വിതരണം നടത്തുന്നതുനായിരുന്ന നൂതന പദ്ധതിയായി നടപ്പിലാക്കിയ പ്രസ്തുത പ്രോജക്റ്റ് ആവിഷ്കരിച്ചത്.

29.10.22 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം, 30.11.22 ലെ 13(3) നമ്പർ കമ്മിറ്റി തീരുമാനം എന്നിവ അനുസരിച്ച് കുടുംബശ്രീ യൂണിറ്റ് ആയ പ്രൈമറോ അപ്പാരൽ പാർക്കിന് 4-12-22 ലെ പി-16304/22 നമ്പരായി വർക്ക് ഓർഡർ നൽകിയിട്ടുള്ളതും താഴെ പറയും പ്രകാരം തുണി സഞ്ചികൾ ലഭ്യമാക്കിയിട്ടുള്ളതുമാണ്. (കരാർ നം-23239/2-12-22).

| ടാക്സ് ഇൻവോയ്സ് നമ്പർ / തീയതി | എണ്ണം | തുക(രൂപ) | Pfms No |
|---|---|---|---|
| 1372/7-12-22 | Cloth Bag 16"14"@15-10000<br>Cloth Bag 20"18"@25-10000 | 1,50,000/-<br>2,50,000/-- | C122246926573/ 4-1-23 |
| 1386/Nil | Cloth Bag 16"14"@15-4000 Nos<br>Cloth Bag 20"18"@25-4000 | 60,000/-<br>1,00,000/- | C022318348955/ 10-2-23 |
| 1398/25.3.23 | Cloth Bag16"14"@15-3500 Nos<br>Cloth Bag 20"18"@25-3500 | 52,500/-<br>87,500/- | C032379113618/28.3.23 |

എന്നാൽ തുണിസഞ്ചി സ്റ്റോക്കിലെടുത്തതിന്റേയോ, വിതരണം നടത്തിയതിന്റേയോ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 7,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
ആയത് സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**തടസ്സപ്പെടുത്തുന്ന തുക - 7,00,000/-രൂപ**
**ഓഡിറ്റ് എൻക്വയറി നം - 6/17-1-24**

**1-41 കോവിഡ് പ്രതിരോധം - ചെലവ് രേഖകൾ ഹാജരാക്കിയില്ല - 5,79,395/-രൂപയുടെ ചെലവ്**

**തടസ്സപ്പെടുത്തുന്നു.**

പ്രോജക്റ്റ് നമ്പർ – 141/23

കോവിഡ് പ്രതിരോധം ഇൻസ്റ്റിറ്റ്യൂഷണൽ ക്വോറന്റൈൻ സെന്റർ പരിപാലനം

ആകെ അടങ്കൽ – 5,79,400/-രൂപ

ആകെ ചെലവ് – 5,79,395/-രൂപ

ബിൽ നമ്പർ – 30/17-5-22, 107/24.8.22

നിർവഹണം – ഹെൽത്ത് ഓഫീസർ

കോവിഡ് പ്രതിരോധം ഇൻസ്റ്റിറ്റ്യൂഷണൽ ക്വോറന്റൈൻ സെന്റർ പരിപാലനം എന്ന പ്രോജക്റ്റ് പ്രകാരം ആകെ 5,79,395/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഹാജരാക്കിയ ഫയൽ, അനുബന്ധരേഖകൾ എന്നിവയിൽ മേൽ പ്രസ്താവിത ചെലവ് സാധൂകരിയ്ക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. ചെലവ് സാധൂകരിക്കുന്ന രേഖകൾ, അനുബന്ധ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നമ്പർ 20/18-1-24 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമല്ലാത്തതിനാൽ 5,79,395/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കാത്ത പക്ഷം രേഖകളില്ലെന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**തടസ്സപ്പെടുത്തുന്ന തുക – 5,79,395/-രൂപ**

**ഓഡിറ്റ് എൻക്വയറി നമ്പർ – 20/18-1-24**

**1-42 ഏഴുനില ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം – പൂർത്തീകരണം വൈകുന്നു. തടസ്സപ്പെടുത്തുന്ന ചെലവ് 1,17,35,018/-രൂപ.**

പുനലൂർ നഗരത്തിന്റെ ഹൃദയഭാഗത്ത് KSRTC സ്റ്റേഷനും, നഗരസഭാ മന്ദിരത്തിനും സമീപത്ത് സ്ഥിതിചെയ്യുന്ന ഏഴുനില ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം 1992-ലാണ് പൂർത്തിയായത്. പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണ്ണം ആദ്യത്തെ നാല് നിലകളിൽ 785 $M^2$, അഞ്ച്, ആറ്, ഏഴ് നിലകളിൽ 485 $M^2$ എന്നീ പ്രകാരമാണ്. വർഷങ്ങൾക്കു മുമ്പ് അന്നത്തെ ആവശ്യങ്ങളെ മുന്നിൽ കണ്ടുകൊണ്ട് ചെറുമുറികളായി നിർമ്മിക്കപ്പെട്ട കെട്ടിടം, നവീനരീതിയിൽ ആനുകാലിക സ്ഥാപനങ്ങളെ ആകർഷിക്കത്തക്ക രീതിയിൽ അകവശത്തെ രൂപപ്പെടുത്തുക എന്നതാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ഒപ്പം തന്നെ അഗ്നിസേനാവിഭാഗത്തിന്റെ നിയമങ്ങൾ പാലിച്ചുകൊണ്ട് അധികമായി ലിഫ്റ്റുകളും സ്റ്റെയർകെയ്സുകളും ഉൾപ്പെടുത്തുന്നതിനും, നിലവിലുള്ള ടോയിലറ്റുകൾ മാറ്റി നിർമ്മിക്കുന്നതിനും, ആധുനികമായ ടോയിലറ്റ് ഫിറ്റിംഗ്സ് സ്ഥാപിക്കുന്നതിനും ലക്ഷ്യമിട്ടിരുന്നു. ഇത്തരത്തിൽ കെട്ടിടം നവീകരിച്ച് ഉപയോഗപ്രദമാക്കി, നഗരസഭയുടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്.

മുനിസിപ്പൽ എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി, ഏഴുനില ഷോപ്പിംഗ് കോംപ്ലക്സ് നവീകരണവുമായി ബന്ധപ്പെട്ട് തൻവർഷം മൂന്ന് വ്യത്യസ്ത പ്രോജക്റ്റുകളിലായി തുക ചെലവഴിച്ചിട്ടുണ്ട്.

1)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 113/23 (Spill Over Of 188/22) |
| പ്രോജക്റ്റിന്റെ പേര് | മുനിസിപ്പാലിറ്റി ഏഴുനില ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം |
| നിർവഹണം | മുനിസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ തുക | 3,96,93,600/-രൂപ (CFC) |
| കരാറുകാരൻ | ശ്രീമതി. ശാന്തമ്മ (2,82,17,904.07/- രൂപ) |
| എഗ്രിമെന്റ് നം/തീയതി | 1/18-19/AEE/7.4.2018 |

ഏഴ നില ഷോപ്പിംഗ് കോംപ്ലക്സ് നവീകരണത്തിനായി 2017-18-ൽ പ്രോജക്റ്റ് നം. 314/18 ആയി രൂപീകരിച്ച പ്രസ്തുത പ്രവൃത്തി 2018-19, 2019-20, 2020-21, 2021-22, 2022-23 വർഷങ്ങളിൽ സ്പിൽ ഓവറായി തുടർന്നു. പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | തുക (രൂപ) |
|---|---|---|
| 1 | 2018-19 | 99,15,380/- |
| 2 | 2019-20 | 1,00,34,174/- |
| 3 | 2020-21 | 36,59,860/- |

| | | |
|---|---|---|
| 4 | 2022-23 | 52,06,687/-<br>(Bill No. 1/22-23/30.4.22,<br>2/22-23/13.5.22) |
| **ആകെ** | | **2,88,16,101/-** |

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | 175/23 (Spill Over Of 129/22) |
| പ്രോജക്ടിന്റെ പേര് | മുനിസിപ്പാലിറ്റി ഏഴുനില ഷോപ്പിംഗ് കോംപ്ലക്സിന്റെ സിവിൽ പ്രവൃത്തികളുടെ പൂർത്തീകരണം |
| നിർവഹണം | മുനിസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ തുക | 7,50,00,000/-രൂപ (CFC) |
| കരാറുകാരൻ | ശ്രീ.ഉമ്മച്ചൻ.വി.ഐ. (61,40,271.63 രൂപ) |
| എഗ്രിമെന്റ് നം/ തീയതി | 1/21-22/AEE/PMC/11.1.2022 |

2021-22-ൽ പ്രോജക്ട് നം.129/22 ആയി രൂപീകരിച്ച പ്രസ്തുത പ്രവൃത്തി 2022-23 സ്പിൽ ഓവറായി തുടർന്നു. പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | തുക (രൂപ) |
|---|---|---|
| 1 | 2022-23 | 65,05,066/-<br>[Payment Advice No.C022325131148/15.2.23,<br>C032385160792/28.3.23] |
| 2 | 2023-24 | 69,580/- |
| **ആകെ** | | **65,74,646/-** |

3)

| | |
|---|---|
| പ്രോജക്ട് നമ്പർ | 233/23 (Spill Over Of 317/22) |
| പ്രോജക്ടിന്റെ പേര് | മുനിസിപ്പാലിറ്റി ഏഴുനില ഷോപ്പിംഗ് കോംപ്ലക്സ് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ |
| നിർവഹണം | മുനിസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ തുക | 7,50,00,000/-രൂപ (CFC) |
| കരാറുകാരൻ | പവർ ക്രാഫ്റ്റ് ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് (51,56,609/-) |
| എഗ്രിമെന്റ് നം/ തീയതി | 1/AEE/PMC/22-23/21.12.2022 |

2021-22 ൽ പ്രോജക്ട് നം.317/22 ആയി രൂപീകരിച്ച പ്രസ്തുത പ്രവൃത്തി 2022-23, 2023-24 സ്പിൽ ഓവറായി തുടർന്നു. പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | തുക (രൂപ) |
|---|---|---|
| 1 | 2022-23 | 23,265/-<br>(Bill No.364/24.2.23, 443/23.3.23) |
| 2 | 2023-24 | 19,81,515/- |
| **ആകെ** | | **20,04,780/-** |

നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാന്നിദ്ധ്യത്തിൽ 19.1.24 ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ പദ്ധതിയുടെ സിവിൽ പ്രവൃത്തികൾ ഏകദേശം പൂർത്തീകരിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, ലിഫ്റ്റ് സംവിധാനം,

അഗ്നിസുരക്ഷാ സംവിധാനം എന്നിവ സ്ഥാപിക്കേണ്ടതായുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.15/18.1.24) മറുപടിയിൽ പ്രോജക്ട് നം. 113/23, 175/23 എന്നിവ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടുള്ളതാണെന്നും, പൂർത്തീകരിക്കാനവശേഷിക്കുന്ന സിവിൽ പ്രവൃത്തികൾക്കായി 2023-24 വർഷം 38,00,000/-രൂപ CFC-യിൽ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കി നടപ്പാക്കി വരുന്നുവെന്നും പരാമർശിച്ചിരിക്കുന്നു. ഇതോടൊപ്പം, ലിഫ്റ്റ് (2 എണ്ണം) സ്ഥാപിക്കുന്നതിനായി 43,00,000/-രൂപയുടെ (CFC) പദ്ധതിയും, ഇലക്ട്രിഫിക്കേഷനു വേണ്ടി 75,00,000/-രൂപയുടെ (CFC) പദ്ധതിയും 2022-23 വർഷം ആവിഷ്കരിച്ച് 2023-24-ൽ സ്പിൽ ഓവറായി നടപ്പാക്കി വരുന്നുവെന്നും 2023-24 ൽ ഫയർ ഫൈറ്റിംഗ് ഇൻസ്റ്റലേഷനു വേണ്ടി CFC ഫണ്ടുപയോഗിച്ച് 58,00,000/-രൂപയുടെ പദ്ധതി തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും കൂടാതെ, 2023-24 ൽ റിവിഷൻ പ്രോജക്ടിൽ ഉൾപ്പെടുത്തി ഫയർ സംവിധാനത്തിനുള്ള സിവിൽ പ്രവൃത്തികൾക്കായി 50,00,000/-രൂപ വകയിരുത്തിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ എല്ലാം പൂർത്തീകരിക്കുമ്പോൾ ഏഴുനില ഷോപ്പിംഗ് കോംപ്ലക്സ് ഉപയോഗത്തിനായി തുറന്നുകൊടുക്കാൻ കഴിയുമെന്ന് മുനിസിപ്പൽ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

നഗരസഭയുടെ റവന്യൂ വരുമാന വർദ്ധനവിന് ഏറെ സഹായകമാകുന്ന പ്രസ്തുത പ്രോജക്ടിന്റെ പൂർത്തീകരണം വൈകുന്നത് സ്ഥാപനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിക്കാൻ സാദ്ധ്യതയുണ്ട്. ആയതിനാൽ ഏഴുനില ഷോപ്പിംഗ് കോംപ്ലക്സിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കേണ്ടതാണ്. നഗരസഭാ അധികാരികളുടെയും, നിർവഹണ ഉദ്യോഗസ്ഥന്റെയും ശ്രദ്ധ ഈ വിഷയത്തിന്മേൽ ഉണ്ടാകണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു. പദ്ധതി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ 2022-23 വർഷം പദ്ധതിക്കായി നടത്തിയ ആകെ 1,17,35,018/-രൂപയുടെ ചെലവ് (52,06,687 + 65,05,066 + 23,265 = 1,17,35,018/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.




**തടസ്സപ്പെടുത്തുന്ന തുക – 1,17,35,018/-രൂപ**

**ഓഡിറ്റ് എൻക്വയറി നം. 15/18.1.24**

**1-43 നഗരസഭയ്ക്ക് ലഭിക്കേണ്ട തുകകൾ അക്കൌണ്ട് ചെയ്യുന്നതിൽ കൃത്യതയില്ല.**

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ള അക്കൌണ്ടുകളുടെ ബാങ്ക്, ട്രഷറി റീക്കൺസിലിയേഷൻ പത്രികകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

**(1) ബാങ്ക് അക്കൌണ്ടുകളുടെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.**

| അക്കൌണ്ട് നം | 40 (B) പ്രകാരമുള്ള തുക ₹ |
|---|---|
| SBI - 57029294246 | 67,508.66/- |
| Quilon Dist. Co-Operative Bank 0001 | 11,468.89/- |

| | |
|---|---|
| LGTSB - 669 | (-) 19,20,200/- |
| SBI - 67045223235 | 8,05,305/- |
| SBI - 57029294304 | 27,140/- |
| SBI (EPF) - 4825 | 1,47,399/- |
| Indian Bank - 7191 | 4,89,583/- |
| Treasury TSB – 81232 - PF | 6,66,392/- |
| Indian Bank – MP Fund - 3556 | 1,313/- |
| ICICI (Swach Bharath) - 437 | 16,51,994/- |
| XV FC Grant – HDFC - 2217 | 2,41,01,453/- |
| Punalur SCB EMS Loan | 6,96,868/- |

**(2) 31.3.23 ലെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

| അക്കൌണ്ട് നം. | തുക ₹ |
|---|---|
| A/C No. 5995 | 4,07,904/- |
| Special Fund 1053818 MP/MLA/ICDS | 42,70,748/- |
| SIB – Prof. Tax - 4548 | 1,07,035/- |

**(3) Cheque Deposited But Not Collected ഇനത്തിൽ ഉൾപ്പെട്ട തുക ബാങ്കിൽ ക്രഡിറ്റായിട്ടില്ല.**

| | |
|---|---|
| Canara Bank - 5995 | 1,39,79,376/- |
| Indian Bank – Buds School | 15,606/- |
| PMAY – Canara - 6549 | 11,39,626/- |
| Canara Special Fund - 1053818 | 95,53,460/- |
| Canara – AUECU - 8752 | 17,223/- |
| SIB – Prof. Tax - 4548 | 23,42,110/- |
| SBI-E-Payment - 30896 | 1,11,28,622/- |

അപാകതകൾ പരിഹരിക്കേണ്ടതും സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്ന് ഉറപ്പുവരുത്തി തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-44 നിക്ഷേപം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം ബാലൻസ് ഷീറ്റ് B-12ഷെഡ്യൂളിൽ നിക്ഷേപമായി ഉൾപ്പെട്ട 6,27,500/-രൂപയുടെ നിക്ഷേപ സർട്ടിഫിക്കറ്റ്, രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മുൻവർഷത്തെ AFS പ്രകാരമുള്ള നീക്കിയിരിപ്പാണ് തൻവർഷവും AFS-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ പലിശയിനത്തിലുള്ള വരവ് ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. നിക്ഷേപം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-45 ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയുടെ കണക്കുകൾ കൃത്യമല്ല.

31.03.22 ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൌണ്ടിൽ (HDFC –2217) നീക്കിയിരിപ്പായി ഉൾപ്പെട്ട തുക 3,40,38,812/-രൂപയാണ്. എന്നാൽ B-4 ഷെഡ്യൂൾ പ്രകാരം ബാധ്യത ഉൾപ്പെടുന്ന തുക 3,66,38,829/-രൂപയാണ്. എന്നാൽ പ്രസ്തുത അപാകത പരിഹരിച്ചത് സംബന്ധിച്ച വിവരങ്ങൾ രേഖകൾ സഹിതം ഹാജരാക്കിയിട്ടില്ലാത്തതിനാൽ തൻവർഷത്തെ CFC – Tied & Untied Bank-ലെ മുന്നിരിപ്പ് - നീക്കിയിരിപ്പ് കണക്കുകൾ പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ല. (മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-2-1(7) പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൌണ്ടിൽ 31.3.22 ലെ നീക്കിയിരിപ്പ് തുകയിലെ വ്യത്യാസം സംബന്ധിച്ചും പരാമർശിച്ചിട്ടുള്ളതാണ്.) അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ

ഹാജരാക്കേണ്ടതും ഫണ്ടിന്റെ വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 റൂഫ് ഫ്ലോറിന് നികുതി നിർണയിച്ചിട്ടില്ല.

ശ്രീമതി മിനിമോൾ സജി എന്ന വ്യക്തിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വാണിജ്യ കെട്ടിടത്തിന് XIII/59(2), XIII/59(3), XIII/59(4), XIII/59(5), XIII/59(6) എന്നീ നമ്പറുകൾ അനുവദിച്ച് നൽകി. മുൻസിപ്പൽ എൻജിനീയർ സാക്ഷ്യപ്പെടുത്തിയ കംപ്ലീഷൻ പ്ലാൻ പ്രകാരം 991.44 ചതുരശ്ര മീറ്റർ (GF – 53.33 $M^2$, FF – 318 $M^2$, SF – 327.32 $M^2$, RF – 18.80 $M^{2)}$ വിസ്തീർണ്ണമാണ് കെട്ടിടത്തിന് ഉള്ളത്. ആയതിൽ 972.65 ചതുരശ്ര മീറ്ററിന് മാത്രമേ നികുതി നിർണയിച്ചിട്ടുള്ളൂ. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള 18.8 ചതുരശ്ര മീറ്റർ റൂഫ് ഫ്ലോറിന് നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടിസ്ഥാന വസ്തുനികുതി<br>വസ്തുനികുതി Rs.80/$M^2$ | 18.8 *80 = 1,504/- |
| വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20% | 301/- |
| | 1504 + 301 = 1,805/- |
| രണ്ടാംനില 10% ഇളവ് | 181/- |
| 1805-181 = 1,624/- | |
| 5% LC | 82/- |
| 10% Service Tax | 163/- |
| **ആകെ** | **₹ 1,869/-** |

മേൽ കെട്ടിടത്തിന്റെ നികുതി നിർണയത്തിൽ ഉണ്ടായ വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വസ്തു നികുതി നിർണ്ണയിച്ചതിലെ പിഴവ് മൂലം ഉണ്ടായ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും പിഴപലിശ സഹിതം ഈടാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 14/18.01.2024**

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബിൽ തുക തെറ്റായി കണക്കാക്കി. അധികം പിൻവലിച്ച ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 107/23 (Spill Over Of 311/22) |
| പ്രോജക്ടിന്റെ പേര് | മണിയാർ ഗവ.യു.പി.എസ്-ൽ ചുറ്റുമതിൽ നിർമ്മാണവും പെയിന്റിംഗും |
| നിർവഹണം | അസി.എഞ്ചിനീയർ |
| അടങ്കൽ തുക | 5,00,000/-രൂപ (മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്) |
| കരാറുകാരൻ | ശ്രീ. നിഖിൽ.എസ്. ( 13.85% കുറവ്) |
| എഗ്രിമെന്റ് നം/തീയതി | 117/AE/PMC/21-22/24.3.22 |
| ബിൽ നം./തീയതി, തുക | 32/22-23/20.2.23, 4,50,598/-രൂപ |

പ്രസ്തുത പ്രവൃത്തിയുടെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ പ്രവൃത്തിമൂല്യം = ₹ 3,99,608.12/-

പരിമിതപ്പെടുത്തിയത് = ₹ 3,81,863/-

(+) 18% GST ₹ 68,735/-

---------

₹ 4,50,598/- (ബിൽ നം.32/22-23/20.2.23)

=========

<u>യഥാർത്ഥത്തിൽ പിൻവലിക്കേണ്ടിയിരുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.</u>

ആകെ പ്രവൃത്തിമൂല്യം = ₹ 3,99,608.12/-

(-) ടെണ്ടർ കുറവ് 13.85% = ₹ 55,345.72/-

------------

₹ 3,44,262.40/-

(+) 18% GST ₹ 61,967.23/-

------------

₹ 4,06,230/-

============

അധികം പിൻവലിച്ച തുക = 4,50,598 - 4,06,230 = ₹ 44,368/-

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പി.എ.സി. തുകയായ 4,43,253.75/-രൂപയിൽ നിന്നും 13.85% കുറവായി കരാറുകാരൻ രേഖപ്പെടുത്തിയ 3,81,863.11/-രൂപയിൽ ആകെ പ്രവൃത്തിമൂല്യം പരിമിതപ്പെടുത്തിയതിനാലാണ് ഇപ്രകാരം പിഴവ് സംഭവിച്ചത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/18.1.24) ലഭ്യമാക്കിയ മറുപടിയിൽ അധികമായി പിൻവലിച്ച തുക എത്രയും വേഗം തിരികെ ഒടുക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

തുക അധികമായി പിൻവലിച്ചതിനാൽ ഉണ്ടായ 44,368/-രൂപയുടെ അധികചെലവ് അംഗീകരിക്കുന്നില്ല. അധികം പിൻവലിച്ച തുക എത്രയും വേഗം ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**നിരാകരിച്ച തുക – 44,368/-രൂപ**

**ഓഡിറ്റ് എൻക്വയറി നം – 16/18.01.2024**

**3-2 ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ – അധിക ചെലവ് അംഗീകരിക്കുന്നില്ല.**

പ്രോജക്ട് നമ്പർ - 179/ 23

" ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ "

അടങ്കൽ - ₹3,00,000/-

ആകെ ചെലവ് -₹2,06,960/-

ഫണ്ടിനം - ധനകാര്യ കമ്മീഷൻ അവാർഡ്

പി എഫ് എം എസ് നമ്പർ – C0 3 2 3 6 3 6 1 0 00 2 / 25 -3 -23.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി)

നഗരസഭയിലെ ശുചീകരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ശുചീകരണ വസ്തുക്കൾ, സാധനസാമഗ്രികൾ എന്നിവ വാങ്ങുന്നതിനായി 2,06,960/-രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രസ്താവിത പദ്ധതിക്കായി ടെൻഡർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് തുക കോട്ട് ചെയ്ത കെയ്ക്കോ ബിസിനസ് കോർപ്പറേഷനുമായി (Tender No 1159/14.12.2022, തുക 1,49,208/-രൂപ) നെഗോസിയേഷൻ നടത്തിയതിൻ പ്രകാരം കുറവ് വരുത്തിയ തുകയായ 1,48,208/- രൂപ അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകുന്നതിന് 20.1.23 തീയതിയിലെ 15 (3) കമ്മിറ്റി തീരുമാനപ്രകാരം അംഗീകാരം നൽകി.

03.01.2023 തീയതിയിൽ 6539 നമ്പരായി ഹെൽത്ത് ഓഫീസറും "കെയ്ക്കോ ബിസിനസ് കോർപ്പറേഷനു"മായി കരാറിൽ ഏർപ്പെടുകയും, 09.02.2023 തീയതിയിലെ നമ്പർ P1-16305/22 നമ്പർ കത്ത് പ്രകാരം ടെൻഡറിൽ പറഞ്ഞ സാധനങ്ങൾ സപ്ലൈ ചെയ്യാനായി സപ്ലൈ ഓർഡർ നൽകുകയും ചെയ്തു.

| ടെണ്ടർ സ്പെസിഫിക്കേഷൻ | കെയ്ക്കോ | സപ്ലൈ ഓർഡർ | ടാക്സ് ഇൻവോയ്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | ബിസിനസ് കോർപ്പറേഷൻ സമർപ്പിച്ച ടെണ്ടർ | എന്നിവ പ്രകാരം ആവശ്യപ്പെട്ട സാധനങ്ങൾ | T-160/08.03.2023 പ്രകാരം സപ്ലൈ ചെയ്ത സാധനങ്ങൾ |
| 1. Rain Coat (Fabric Coated Fab + Lining – Branded)<br>XXL – 12 Nos<br>XL – 39 Nos<br>Large – 06 Nos | 1. Rain Coat As Per Specification – 1 Unit @ 1600/- | 1. Rain Coat (Fabric Coated Fab + Lining – Branded)<br>XXL – 12 Nos<br>XL – 39 Nos<br>Large – 06 Nos | 1. Rain Coat (Fabric Coated Fab + Lining – Branded)<br>XXL, XL, Large – 57 Nos |
| 2. Gum Boot (ISI Branded)<br>9" - 14 Pair<br>8" - 16 Pair<br>7" - 6 Pair<br>11" - 6 Pair | 2. Gum Boot (ISI Branded) - @ 499/- | 2. Gum Boot (ISI Branded)<br>9" - 14 Pair<br>8" - 16 Pair<br>7" - 6 Pair<br>11" - 6 Pair | 2. Gum Boot (ISI Branded)<br>9", 8", 7", 10" - 42 Nos |
| 3. Reflective Coat XL For Night Work (High Quality PVC Rexin With Reflector) – 63 Nos | 3. Reflective Coat As Per Specification – @ 300/- | 3. Reflective Coat XL For Night Work (High Quality PVC Rexin With Reflector) – 63 Nos | 3. Reflective Coat XL For Night Work (High Quality PVC Rexin With Reflector) – 63 Nos |
| 4. Rubber Gloves 12" - 500 Pair<br>(Industrial Rubber Glove With Antiskid Grain) | 4. Rubber Gloves As Per Specification – @ 90/- | 4. Rubber Gloves 12" - 500 Pair<br>(Industrial Rubber Glove With Antiskid Grain) | 4. Rubber Gloves 12" - 500 Pair<br>(Industrial Rubber Glove With Antiskid Grain) |
| 5. Disposable Gloves Surgical - 10000 Nos | 5. Disposable Gloves Surgical - @ 3/- | 5. Disposable Gloves Surgical - 10000 Nos | 5. Disposable Gloves Surgical - 10000 Nos |
| 6. Chappal For Ladies 7" - 6 Pair | 6. Chappal For Ladies - @ 150/- | 6. Chappal For Ladies 7" - 6 Pair | 6. Chappal For Ladies 7" - 6 Pair |

1159/14.12.2022 നമ്പർ ടെണ്ടർ പ്രകാരം കെയ്ക്കോ ബിസിനസ് കോർപ്പറേഷൻ സമർപ്പിച്ച ടെണ്ടറിൽ നെഗോസിയേഷൻ നടത്തി 1,48,208/-രൂപയായി നിജപ്പെടുത്തുകയും പ്രസ്തുത ടെണ്ടർ 20.01.2023 ലെ 15(03) തീരുമാനപ്രകാരം കമ്മിറ്റി അംഗീകരിക്കുകയും ചെയ്ത സാഹചര്യത്തിലാണ് ടെണ്ടറിൽ പറഞ്ഞിട്ടുള്ള അതേ സാധനങ്ങൾ അതേ സ്പെസിഫിക്കേഷനിൽ അതേ അളവിൽ സപ്ലൈ ചെയ്യാൻ വർക്ക് ഓർഡർ നൽകിയത്. ( ബന്ധപ്പെട്ട രേഖകൾ അനുബന്ധം 5 ആയി ചേർത്തിട്ടുണ്ട്)

